# ഭാരതീയ ദർശനം



**നാരായണൻ പേരിയ**

ഭാരതീയ ദർശനങ്ങൾ മുഴുവൻ ആദ്ധ്യാത്മീക വാദങ്ങളാണ വതരിപ്പിക്കുന്നതെന്ന തെററായ ധാരണ ഇന്നാട്ടിൽ കാലാകാലമായി പ്രചരിപ്പിച്ചിട്ടുണ്ട്. ആദ്ധ്യാത്മിക ദർശനങ്ങളോടൊപ്പം തന്നെ തലയെടുപ്പുള്ള ഭൗതീകവാദദർശനങ്ങളും ഭാരതീയ പാരമ്പര്യത്തിലുണ്ടോ എന്നറിയണമെങ്കിൽ; അതിനുള്ള ഒരു കണ്ണാടിയായി ഈ രേഖ ഉപയോഗിക്കുവാൻ കഴിയും. യുക്തിവാദത്തോടുള്ള സനാതനികളുടെ അലർജി (Alergy) എത്രമാത്രം നിരർത്ഥകമാണെന്നപ്പോഴേ മനസ്സിലാവൂ! —

**യുക്തിവാദ പ്രചരണവേദി,**

**തൃശൂർ-680004.**

**വില: 3ക**

# ഭാരതീയ ദർശനം

പരിഷ്കരിച്ച രണ്ടാംപതിപ്പ്.

**നാരായണൻ പേരിയ**

കോപ്പി—1000

**വില: 3-00**

പ്രസാധനം:

യുക്തിവാദ പ്രചരണവേദി, തൃശ്ശൂർ–680 004.

മുദ്രണം:

റഹീംസ് പ്രസ്സ്, തൃശ്ശൂർ–680 004.

# ഭാരതീയ ദർശനം.

"കാണുക എന്നർത്ഥമുള്ള 'ദൃശ്' എന്ന ധാതുവിൽനിന്നാണ് ദർശനമെന്ന വാക്കുണ്ടായതു്. ഈ കാണൽ, ചാക്ഷുസപ്രത്യക്ഷമോ, മാനസികപ്രത്യയമോ, അന്തർദർശനജന്യാനുഭൂതിയോ ആകാം. വസ്തുതകളുടെ നിരീക്ഷണമോ, യുക്തിപരമായ അന്വേഷണമോ, ആത്മാവിന്റെ ഉൾക്കാഴ്ചയോ ആവാം അതു്. സാമാന്യമായി, ദർശനമെന്നതുകൊണ്ടു് അർത്ഥമാക്കുന്നതു് വിമർശനപരങ്ങളായ വിചാരങ്ങളേയോ, യുക്ത്യനുസൃതങ്ങളായ സർവ്വേക്ഷണങ്ങളേയോ പദ്ധതികളെയോ ആണ്."

(രാധാകൃഷ്ണൻ. ഭാ. ദ. i. P. 23)

ഭാരതീയ വീക്ഷണമനുസരിച്ചുതന്നെ ദർശനങ്ങളുടെ സംഖ്യയെപ്പററി ഏകാഭിപ്രായമല്ല പണ്ഡിതന്മാർക്കുള്ളതു്. പുഷ്പദന്തൻ, സാംഖ്യം, യോഗം, പാശുപതം, വൈഷ്ണവം എന്നീ നാലു ദർശനങ്ങളെക്കുറിച്ചുപറയുന്നു. സാംഖ്യം, യോഗം, ലോകായതം—ഇങ്ങനെ മൂന്നു ദർശനങ്ങളേയുള്ളു കൌടില്യമതപ്രകാരം. ഷഡ്ദർശനങ്ങളെന്ന കണക്കിനാണ് പ്രസിദ്ധിയെങ്കിലും, ഏതെല്ലാമാണ് ആറു ദർശനമെന്നതിൽ അഭിപ്രായഭേദമുണ്ടു്. ന്യായം, വൈശേഷികം, സാംഖ്യം, യോഗം പൂർവ്വമീമാംസ, വേദാന്തം—ഇതാണ് ഗുരുഗീതയുടെ കണക്കു്. ജിനദത്തസൂരിയുടെ ഷഡ്ദർശനങ്ങൾ ജൈനം, മീമാംസ, ബൗദ്ധം, സാംഖ്യം, ശൈവം, നാസ്തികം എന്നിവയാണ്. സർവ്വമതസംഗ്രഹപ്രകാരം മീമാംസ, സാംഖ്യം, തർക്കം, ബൗദ്ധം, ആർഹതം, ലോകായതം എന്നിവയാണ് ഷഡ്ദർശനങ്ങൾ. മാധവൻ സർവ്വദർശനസംഗ്രഹത്തിൽ പതിനാറു് ദർശനങ്ങളെപ്പററി പറയുന്നു. ചാർവാകം, ബൗദ്ധം, ആർഹതം (ജൈനം), രാമാനുജദർശനം, പൂർണ്ണപ്രജ്ഞദർശനം (മധ്വം), നകുലീശപാ

ശൂപതദർശനം, ശൈവം, പ്രത്യഭിജ്ഞദർശനം, രസേശ്വരദർശനം, വൈശേഷികം, ന്യായം, ജൈമിനീയം പാണിനീയം, സാംഖ്യം, പാതഞ്ജലയോഗം, വേദാന്തം.

ദർശനങ്ങളെ ആസ്തികം, നാസ്തികം എന്നിങ്ങനെ തരംതിരിക്കുന്നതിലുമില്ല ഏകാഭിപ്രായം. എന്താണ് ഈ തരംതിരിക്കലിനു് ആധാരം? വൈയാകരണനായ പാണിനി പറയുന്നു: "അസ്തിനാസ്തിദിഷ്ടം മതി" (4-4-60) 'അസ്തി' (ഉണ്ട്) എന്ന് പറയുന്നവൻ ആസ്തികൻ; 'നാസ്തി' (ഇല്ല) എന്നു പറയുന്നവൻ നാസ്തികൻ. എന്തിനെപ്പററിയാണിവിടെ തർക്കം? കാശികാവൃത്തിയിലെ വിശദീകരണം ഇതാണ്: "അസ്തിപരലോക ഇത്യേവം മതിർയസ്യസ ആസ്തികഃ, നാസ്തീതിമതിർയസ്യ സ നാസ്തികഃ" പരലോകം ഉണ്ടെന്നും ഇല്ലെന്നുമുള്ള അഭിപ്രായഭേദമാണ്. പാണിനിയുടെ മൂലസൂത്രത്തിലില്ലാത്ത പരലോകപരാമർശം അഭിധാനശക്തികൊണ്ട് ഉപലബ്ധമാകുന്നു എന്നു് കാശികാവൃത്തിയാസ്സനിരുക്തവും പരലോകസത്തയെ അംഗീകരിക്കാത്തവനെയാണ് നാസ്തികനെന്നുപറയുന്നതു്. (നിരുക്തം. 6-32-1) പരലോകയാഥാർത്ഥ്യത്തിൽ സന്ദേഹമുള്ളവർ ഉപനിഷത്ക്കാലത്തുമുണ്ടായിരുന്നു എന്നതിന് കഠോപനിഷത്തിൽ തെളിവുണ്ട്. (കഠം. 1-1-20)

"നാസ്തികോവേദനിന്ദക" (മനു. 2-11) വേദനിന്ദകനാണ് സ്മൃതിയുഗത്തിൽ നാസ്തികൻ. ജഗത്കാരണം 'സത്' (ചൈതന്യം) ആണെന്നു് പറയുന്നവൻ ആസ്തികനും 'അസത്' (ജഡം) എന്നു പറയുന്നവൻ നാസ്തികനും എന്നത്രേ ദാർശനികമതം. ആധുനികകാലത്താകട്ടെ, ഈശ്വരാസ്തിത്വത്തെ പ്രമാണമാക്കിയാണ് ആസ്തികനാസ്തികഭേദം നിശ്ചയിക്കുന്നത്. ഭാരതീയ ദർശനങ്ങളെപ്പററി പഠിക്കുമ്പോൾ ഈ അർത്ഥപരിണാമം കണക്കിലെടുക്കണം.

## വേദം

പ്രത്യേക പേരുകളിൽ അറിയപ്പെടുന്ന ദർശനപദ്ധതികൾ രൂപമെടുക്കുന്നതിനുമുമ്പുള്ള പ്രപഞ്ചസങ്കല്പമെന്തായിരുന്നു? വേദങ്ങളെ സമീപിക്കുമ്പോൾ ഐകരൂപ്യമുള്ള സിദ്ധാന്തങ്ങളല്ല നാമവിടെ കാണുന്നത്. നോക്കുക.

"എവിടെനിന്നാണ് സൃഷ്ടി ഉണ്ടായത്? ആർക്കറിയാം? ഈ സൃഷ്ടി ഉണ്ടായതിനുശേഷമാണ് ദേവന്മാരുണ്ടായത്. ആ സ്ഥിതിക്ക് ഇതെവിടെനിന്നുണ്ടായി എന്നു് ആർക്കറിയാം?" (ഋഗ്വേദം—നാസദീയസൂക്തം x—129)

ആരംഭത്തിൽ ഹിരണ്യഗർഭൻ—പ്രജാപതി—മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിൽനിന്നു് പ്രപഞ്ചമുണ്ടായി. അദ്ദേഹം ഭൂമിയെയും സ്വർഗ്ഗത്തെയും അതാതിടങ്ങളിൽ സ്ഥാപിച്ചു. സർവ്വ ചരാചരങ്ങളും അദ്ദേഹത്തിൽനിന്നാണുണ്ടായത്. (ഋക്. x—121—10)

വിശ്വകർമ്മാവാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. (x—81—82) വിരാഡ് പുരുഷനാണ് എല്ലാം ആയിത്തീർന്നത്. ദേവന്മാർ വിരാഡ് പുരുഷനെ ഉപാധിയാക്കി നടത്തിയ യജ്ഞത്തിൽനിന്നു് പ്രപഞ്ചവും സർവ്വ ചരാചരങ്ങളുമുണ്ടായി. കണ്ണുകളിൽനിന്നു് സൂര്യൻ, മനസ്സിൽനിന്നു് ചന്ദ്രൻ, പാദങ്ങളിൽനിന്നു് ഭൂമി—അങ്ങനെ വിവിധ അംഗങ്ങളിൽനിന്നു് നാലുവർണ്ണങ്ങളിൽപെട്ട മനുഷ്യരുമുണ്ടായി. (x—90—2)

[പക്ഷേ, ആദ്യം വിരാഡ് പുരുഷൻ മാത്രമാണുണ്ടായിരുന്നതെങ്കിൽ, അദ്ദേഹത്തെ ഉപാധിയാക്കി യജ്ഞം നടത്തിയ ദേവന്മാരെങ്ങിനെ ഉണ്ടായി?]

മരാശാരി വീടുണ്ടാക്കുന്നതുപോലെ ചില ദേവന്മാർ ലോകം നിർമ്മിച്ചതായി സങ്കൽപിക്കപ്പെട്ടു. പക്ഷേ, ഈ നിർമ്മാണത്തിനാവശ്യമായ മരം എങ്ങനെ തേടി എന്ന ചോദ്യവും ഉന്നയിക്കപ്പെട്ടു. (x—31—7)

ദേവന്മാരിലും വലിയ വിശ്വാസമുണ്ടായിരുന്നില്ല. 'എല്ലാ ദേവതകളും സ്വാർത്ഥതൽപരരാണ്.' ( x_114)

'ദേവന്മാരിലാരെയും കണക്കാക്കാതെ പരോപകാരം ചെയ്യുകയാണ് നമ്മുടെ കടമ.' (lx _ 117) എന്നു ചിന്തിച്ചവരും അന്നുണ്ടായിരുന്നു.

## ഉപനിഷത്ത്

'ആരുടെ നിർദ്ദേശമനുസരിച്ച് പ്രഥമപ്രാണൻ ചലിക്കുന്നു?' (കേനം. 1_1)

'നാമെവിടെനിന്നു ജനിച്ചു? എന്തിനെ ആശ്രയിച്ചു നില്ക്കുന്നു? സുഖദുഃഖങ്ങളിൽ നാമെവിടെ, ആരെ ആശ്രയിച്ചു ജീവിക്കുന്നു?' (ശ്വേതാ. 1_1)

'ഈ പ്രജകളെല്ലാം എവിടെനിന്നു ജനിച്ചു?' (പ്രശ്നം. 1__3) ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്ന കാര്യത്തിൽ ഉപനിഷത്തുകൾക്കെല്ലാം യോജിപ്പില്ല.

'ആരംഭത്തിൽ പ്രപഞ്ചം മുഴുവൻ ജലമായിരുന്നു. ജലം ബ്രഹ്മത്തെ സൃഷ്ടിച്ചു. ബ്രഹ്മത്തിൽനിന്നു് പ്രജാപതിയുണ്ടായി.' (ബൃ. ഉ. 5__5_1)

'ആരംഭത്തിൽ 'അസത്'' മാത്രമേ ഉണ്ടായിരുന്നുള്ള എന്നു് ചിലർ പറയുന്നു. 'അസതിൽനിന്നു്' 'സത്'' ഉണ്ടാകുമോ? ആരംഭത്തിൽ 'സത്'' മാത്രമേ ഉണ്ടായിരുന്നുള്ളു. ഞാൻ അനേകമാകട്ടെ എന്നു് അതു് ഇച്ഛിച്ചു. അതു് അഗ്നിയെ സൃഷ്ടിച്ചു. അഗ്നി ജലത്തെ. ജലം അന്നത്തെ.....സൃഷ്ടിച്ചു.' (ഛാ. ഉ. 6.2_1_3)

'എല്ലാ ജീവജാലങ്ങളും അന്നത്തിൽനിന്നു് ഉണ്ടായി. അവ ജീവിക്കുന്നതും അന്നംകൊണ്ടാണ്. അവസാനം അന്നത്തിലേക്കു് തിരിച്ചുപോകുന്നു.' (തൈ)

'എല്ലാം ഉത്ഭവിക്കുന്നതും ആശ്രയിച്ചുനില്ക്കുന്നതും തിരികെ പോകുന്നതും ബ്രഹ്മത്തിലേയ്ക്കാണ്.' (തൈ. ഉ)

ആത്മാവും ബ്രഹ്മാവും ഒന്നുതന്നെ.

'ഞാൻ ബ്രഹ്മമാണെന്നറിയുന്നവൻ എല്ലാമായിത്തീരുന്നു. താനും ബ്രഹ്മവും വ്യത്യസ്തമെന്നു കരുതി സ്വന്തം ആത്മാവിനെയല്ലാതെ, മറേറതെങ്കിലും ദൈവത്തെ ആരാധിക്കുന്നവൻ അറിവില്ലാത്തവനാണ്. മനുഷ്യൻ ഈ പരമസത്യം മനസ്സിലാക്കുന്നത് ദൈവങ്ങൾക്ക് ഇഷ്ടമല്ല.' (ബൃ. ഉ. 1-4-10)

ഇതുപോലുള്ള വീക്ഷണഭേദങ്ങളാണ് ഡോ. രാധാകൃഷ്ണനെക്കൊണ്ട് ഇങ്ങനെ പറയിച്ചത്: "ഉപനിഷത്തുകളിൽ അവസരവാദം ധാരാളമായി കാണാം. എവിടേയും പരസ്പരവിരുദ്ധങ്ങളായ സിദ്ധാന്തങ്ങളാണ് കാണുക."(ഭാ. ദ. i. P.239)

ഇനി, പ്രധാന ദർശനപദ്ധതികൾ പരിശോധിക്കാം:

## വൈശേഷികം :

കണാദനാണ് സൂത്രകാരൻ. 'അഥാതോ ധർമ്മം വ്യാഖ്യാസ്യാമഃ' (അനന്തരം ധർമ്മത്തെ വ്യാഖ്യാനിക്കാം.) എന്നു തുടങ്ങുന്ന വൈശേഷികം ആദ്യമായി ധർമ്മത്തെ നിർവ്വചിക്കുന്നു. യാതൊന്നിൽനിന്നു് അഭ്യുദയവും നിഃശ്രേയസ്സും ഉണ്ടാകുന്നുവോ, അതാണ് ധർമ്മം. ജ്ഞാനമാണ് ഇത് പ്രാപിക്കാനുള്ള മാർഗ്ഗം, വസ്തുക്കളുടെ സ്വഭാവങ്ങൾക്കനുരൂപമായ ജ്ഞാനം മാത്രമാണ് യഥാർത്ഥ ജ്ഞാനം. ആറു 'പദാർത്ഥ'ങ്ങളുണ്ട്: ദ്രവ്യം, ഗുണം, കർമ്മം, സാമാന്യം, വിശേഷം, സമവായം. സമസ്തപ്രപഞ്ചവസ്തുക്കളും പ്രതിഭാസങ്ങളും ഈ ആറിൽ ഒതുങ്ങുന്നു. പിൽക്കാല വ്യാഖ്യാതാക്കൾ ഇവയോടൊപ്പം 'അഭാവം' എന്ന ഒന്നിനെക്കൂടി ഉൾപ്പെടുത്തി. (ഒരു വസ്തുവിൻെറ 'അഭാവം', അതിൻെറ നിലനില്പുപോലെതന്നെ യാഥാർത്ഥ്യമാണത്രെ.)

ദ്രവ്യമാണ് മൗലികപദാർത്ഥം. ഗുണങ്ങളും കർമ്മങ്ങളുമുള്ളതും ഏതെങ്കിലുമൊരു ഫലത്തിന്റെ ആന്തരികമോ ഭൗതികമോ ആയ കാരണമായി ഭവിക്കുന്നതും ആയ ഒന്ന്—അതാണ് ദ്രവ്യം. പ്രപഞ്ചത്തിന്റെ അടിത്തറയായ ദ്രവ്യങ്ങൾ ഒമ്പതെണ്ണമുണ്ട്. പൃഥ്വി, ജലം, അഗ്നി, വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ്. ഇതിൽ പഞ്ചഭൂതങ്ങൾ നിത്യങ്ങളും അനശ്വരങ്ങളും അവിഭാജ്യങ്ങളുമായ സൂക്ഷ്മകണങ്ങളുമാണ്.

ആകെ 17 ഗുണങ്ങളുണ്ട്: രൂപം, രസം, ഗന്ധം, സ്പർശം, സംഖ്യ, പരിമാണം, പൃഥക്ത്വം (പ്രത്യേകത), സംയോഗം, വിഭാഗം, പരത്വം, അപരത്വം, ബുദ്ധി, സുഖം, ദുഃഖം, ഇച്ഛ, ദ്വേഷം, പ്രയത്നം. (ഇവയോടൊപ്പം പ്രശസ്തപാദനെന്ന വ്യാഖ്യാതാവ് ഗുരുത്വം, ദ്രവത്വം, സ്നേഹം, ധർമ്മം, അധർമ്മം, ശബ്ദം, സംസ്കാരം എന്നീ ഏഴു ഗുണങ്ങളും കൂട്ടിച്ചേർത്തു.)

ഓരോ ദ്രവ്യത്തിനുമുണ്ട് പ്രത്യേക ഗുണങ്ങൾ:

പൃഥ്വിക്ക്— ഗന്ധം, രസം, രൂപം, സ്പർശം.

ജലം— രസം, രൂപം, സ്പർശം, ഇങ്ങനെ.

ദ്രവ്യങ്ങളിൽ ഒന്നാണ് ആത്മാവ്. ആധ്യാത്മികാർത്ഥത്തിലുള്ള ആത്മാവല്ല ഇത്: അതൊരു പദാർത്ഥം മാത്രമാണ്. സ്വതന്ത്രമായ അനേകം ആത്മാക്കളുണ്ട്. ആത്മാവ് ഭൗതികവസ്തുക്കളുമായി ബന്ധപ്പെടുന്നത് മനസ്സ് വഴിയാണ്.

'കർമ്മം' അഞ്ചുവിധം: ഉൽക്ഷേപണം, അപക്ഷേപണം, ആകുഞ്ചനം, പ്രസാരണം, ഗമനം. കർമ്മംമൂലം പദാർത്ഥങ്ങൾക്കു ചലനവും പരിണാമവും വികാസവും ഉണ്ടാകുന്നു.

'സാമാന്യ'മെന്നാൽ, അനേകം പദാർത്ഥങ്ങളിലുള്ള നിത്യപദാർത്ഥമാണ്. ഗോക്കളിൽ 'ഗോത്വം' എന്നപോലെ.

പൃഥ്വി തുടങ്ങിയവയുടെ സൂക്ഷ്മാവയവങ്ങളിൽ, പരമാണുക്കളിലുള്ള വിഭിന്നതയാണ് 'വിശേഷം.' നിത്യവും അവിഭാജ്യവുമായ ബന്ധം 'സമവായം.'

ഏററവും സൂക്ഷ്മമായ പദാർത്ഥം പരമാണുവാണ്. രണ്ടു പരമാണു ചേർന്നു് ദ്വ്യണുകമുണ്ടാകുന്നു. രണ്ടു ദ്വ്യണുകം = 1 ത്ര്യണുകം. 4 ത്ര്യണുകം = 1 ചതുരണുകം. പൃഥ്വിയുടെ പരമാണുക്കൾ ചേർന്നു് ഭൂമി ഉണ്ടാകുന്നു. അഗ്നിയുടെ പരമാണുക്കൾ ചേർന്നു് തീയും സൂര്യനും; ജലത്തിൻെറ പരമാണുക്കൾ ചേർന്നു് കടലും നദികളും.

കർമ്മം ചലനാത്മകമാണല്ലോ. പരമാണുക്കളുടെ സംയോഗത്തിന്നിടയാക്കുന്ന ചലനത്തിൻെറ പ്രചോദകശക്തിയാണ് 'അദൃഷ്ടം.' ഗമനം, നിർഗ്ഗമനം, ഗ്രഹണം, സംക്രമണം, സംയോഗം മുതലായവയ്ക്കു് കാരണം അദൃഷ്ടമാണ്.

കാരണത്തിൻെറ ഗുണവിശേഷം കാര്യത്തിൽ ഉണ്ടാകണം. വെളുത്ത നൂൽ ചേർന്നു് വെളുത്ത വസ്ത്രം ഉണ്ടാകുന്നതുപോലെ. അതുകൊണ്ടു് ചേതനമായ ബ്രഹ്മത്തിൽനിന്നുണ്ടാകുന്ന കാര്യപ്രപഞ്ചവും ചേതനമായിരിക്കും. പ്രപഞ്ചം ചേതനമല്ലായ്കയാൽ ബ്രഹ്മം പ്രപഞ്ചകാരണമാകയില്ല.

വൈശേഷിക ദർശനം ഈശ്വരനെപ്പററി ഒന്നും പറയുന്നില്ല. പ്രശസ്തപാദനെന്ന വ്യഖ്യാതാവ് 'അദൃഷ്ട'ത്തെ ദൈവമാക്കിയിരിക്കുന്നു. ii_1_18_19. സൂത്രത്തിൽ ഈശ്വരസത്തയ്ക്കു് തെളിവു നൽകിയിട്ടുണ്ടെന്ന വാദം ശരിയല്ല.

(ഭാ, ദ. i.-p. 217)

## ന്യായദർശനം

ഗൗതമൻ അഥവാ അക്ഷപാദനാണ് സൂത്രകാരൻ. തർക്കശാസ്ത്രമാണിത്.

ലൗകികദുഃഖങ്ങളെ തരണംചെയ്തു് 'നിശ്ശ്രേയസം' എന്ന

പൂർണ്ണതയിലെത്തുകയാണ് പരമലക്ഷ്യം. യാഥാർത്ഥ്യത്തെപ്പററിയുള്ള ശരിയായ ജ്ഞാനമാണ് അതിനുള്ള മാർഗ്ഗം. പ്രപഞ്ചം വസ്തുനിഷ്ഠയാഥാർത്ഥ്യമാണ്. പരമാണുഘടനയാണ് അതിനുള്ളത്. അവിഭാജ്യവും അകാരണവും അനീശ്വരവുമായ പരമാണുക്കൾ ആണ് പ്രപഞ്ചത്തിന്റെ മൂലഘടകങ്ങൾ. പരമാണുക്കളുടെ പ്രവർത്തന-പ്രതിപ്രവർത്തന ഫലമായി പ്രപഞ്ചമുണ്ടായി.

പതിനാറ് 'പദാർത്ഥ'ങ്ങളുണ്ട്. ഇവയിൽ പ്രധാനം 'പ്രമാണ'മാണ്. ശരിയായ ജ്ഞാനം നേടാനുള്ള ഉപാധികളാണ് പ്രമാണങ്ങൾ. വിഷയവിഷയികൾ തമ്മിലുള്ള അഭേദ്യബന്ധമാണ് ജ്ഞാനത്തിന്റെ ഉറവിടം. ജ്ഞാനത്തിന്റെ ഉപാധികളായ പ്രമാണങ്ങൾ പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം എന്നിവയാണ്.

രണ്ടാം സ്ഥാനം 'പ്രമേയ'ത്തിനാണ്. ശരീരം, ആത്മാവ്, ഇന്ദ്രിയങ്ങൾ, വസ്തുക്കൾ, ബുദ്ധി, മനസ്സ്, പ്രവൃത്തി, ഫലം, ദുഃഖം, ദുഃഖമോചനം എന്നിവ പ്രമേയത്തിൽപ്പെടുന്നു.

ആത്മാക്കൾ അസംഖ്യമുണ്ട്. ശരീരമില്ലാതെ ആത്മാവില്ല. വസ്തുക്കൾ ബാഹ്യേന്ദ്രിയങ്ങളുമായും, അവ മനസ്സുമായും, മനസ്സ് ആത്മാവുമായും ബന്ധപ്പെടുമ്പോൾ പ്രത്യക്ഷജ്ഞാനമുണ്ടാകുന്നു. ബാഹ്യേന്ദ്രിയങ്ങളെ മനസ്സും, മനസ്സിനെ ആത്മാവും നിയന്ത്രിക്കുന്നു. സ്വതന്ത്രമായ, വസ്തുനിഷ്ഠമായ യാഥാർത്ഥ്യമില്ലെങ്കിൽ, മനസ്സോ ആത്മാവോ ഇല്ല. പ്രത്യക്ഷജ്ഞാനം വസ്തുനിഷ്ഠ യാഥാർത്ഥ്യത്തിന്റെ സ്വഭാവവുമായി പൊരുത്തപ്പെടണം.

ന്യായദർശനത്തിൽ ഈശ്വരന് സ്ഥാനമില്ല. ആകെ 528 ന്യായസൂത്രങ്ങളുള്ളതിൽ ഈശ്വരപരാമർശമുള്ളത് ഒരേയൊരു സൂത്രത്തിലാണ്. അതാകട്ടെ, പൂർവ്വപക്ഷരൂപത്തി

ലുള്ളതുമാണ്: അതായതു് പ്രതിയോഗിയുടെ എതിർവാദം. ഇതാണ് ആ സൂത്രം: "ഫലപ്രഷ്ടിയിൽ മനുഷ്യപ്രവർത്തനം നിഷ്പ്രയോജനമായിക്കാണുന്നു. അതിനാൽ ഈശ്വരനായിരിക്കണം ഫലസൃഷ്ടിയുടെ കർത്താവ്." (IV - 1 - 19) ഈ പൂർവ്വപക്ഷം ഖണ്ഡിച്ചുകൊണ്ട് ആചാര്യൻ അവതരിപ്പിക്കുന്ന സിദ്ധാന്തപക്ഷം കാണുക: "അല്ല (ഈശ്വരനല്ല ഫലസൃഷ്ടിയുടെ കർത്താവ്) കാരണം, മനുഷ്യകർമ്മത്തിന്റെ അഭാവത്തിൽ ഫലസൃഷ്ടിയുണ്ടായിക്കാണുന്നില്ലല്ലോ. ( IV - 1 - 20) മനുഷ്യകർമ്മത്തിന്റെ ഹേതുവായി ഈശ്വരനെ കാണേണ്ട ആവശ്യമില്ല. കാരണം, മനുഷ്യകർമ്മമില്ലാത്തിടത്തു് ഫലവും ഉണ്ടായിക്കാണുന്നില്ല. ഈശ്വരനായിരുന്നു ഫലത്തിന്റെ യാഥാർത്ഥകാരണമെങ്കിൽ, മനുഷ്യകർമ്മമില്ലാത്തിടത്തും ഈശ്വരൻ ഫലം സൃഷ്ടിക്കണമായിരുന്നു!"

ഇങ്ങനെ ഈശ്വരനെ കടത്തിവിടുന്നതിനുള്ള സകല പഴുതുമടച്ച ഈ ദർശനത്തിനകത്തും വ്യാഖ്യാതാക്കൾ ഈശ്വരനെ പ്രവേശിപ്പിച്ചിരിക്കുന്നു! ഉദയനൻ 'ന്യായകുസുമാഞ്ജലി'യിൽ (V-1) ഈശ്വരാസ്തിത്വത്തിനു് 9 കാരണങ്ങൾ പറയുന്നു: പ്രപഞ്ചകാരണമായി ഒരു സചേതനശക്തി ഉണ്ടായിരിക്കണം, പ്രവർത്തിപ്പിക്കാൻ ഒരു ഈശ്വരൻ ആവശ്യമാണ്, ഈശ്വരൻ ഉണ്ട് എന്നു് വേദം പറയുന്നു—ഇതൊക്കെയാണ് ഉദയനന്റെ വാദങ്ങൾ.

എല്ലാം യുക്തിയുക്തമായി പരിശോധിക്കുക—ഇതായിരുന്നു ന്യായദർശനത്തിന്റെ സമീപനം. അതുകൊണ്ടാണ് ന്യായത്തെ വേദനിന്ദയായി പലരും കരുതിയത്.

## സാംഖ്യദർശനം

കപിലനാണ് ആചാര്യൻ.

ഷല്ലാ വിധ ദുഃഖങ്ങളെയും ഉന്മൂലനം ചെയ്യാനുള്ള ഒരു പദ്ധതിയാണ് സാംഖ്യം.

ദുഃഖം മൂന്നു വിധമുണ്ട്. ആധ്യാത്മികം,(മാനസികവും ശാരീരികവുമായ പ്രകൃതിയിൽ നിന്നുള്ളതു്.) ആധിഭൗതികം (ബാഹ്യജഗത്തിൽ നിന്നുള്ളതു്.) ആധിദൈവികം (പ്രകൃത്യതീത ശക്തികളിൽ നിന്നു് — ഗ്രഹങ്ങളിൽനിന്നുംമററും — ഉള്ളതു്.) വൈദിക കർമ്മങ്ങൾ ദുഃഖമോചന മാർഗ്ഗങ്ങളല്ല. കാരണം അവയിൽ ധാർമ്മിക തത്ത്വങ്ങളുടെ ലംഘനമുണ്ടു്. ധർമ്മാചരണം കൊണ്ടും യജ്ഞാനുഷ്ഠാനം കൊണ്ടും പാപത്തെ നീട്ടിവെയ്ക്കുക മാത്രമാണു് ചെയ്യുന്നതു്. അജ്ഞാനവും ജ്ഞാനവുമാണു് ബന്ധമോക്ഷങ്ങളുടെ നിർണ്ണായക ഘടകങ്ങൾ.

സാംഖ്യ ദർശനത്തിൻെറ മർമ്മമാണു് സത്കാര്യവാദം. എന്താണു് സത്കാര്യവാദം?

ഓരോന്നിനും കാരണമുണ്ടു്. കാര്യം കാരണത്തിൽ അന്തർഭവിച്ചിരിക്കുന്നു. (തൈരു് പാലിൽനിന്നു് മാത്രം ഉണ്ടാകുന്നു; ജലത്തിൽനിന്നല്ല. നൂലിൽനിന്നു തുണി; മണ്ണിൽനിന്നു കുടം.) യഥാർത്ഥത്തിൽ, കാരണത്തിൻെറ രൂപഭേദം മാത്രമാണു് കാര്യം. 'നാ വസ്തുനോവസ്തുസിദ്ധി' (ഇല്ലായ്മയിൽനിന്നു് ഒന്നും ഉണ്ടാവില്ല)

കാരണം അഞ്ചുവിധം: 1. ഇല്ലാത്തതിനു് കാരണം ആവശ്യമില്ല. 2. ഓരോന്നിനും അതിൻേറതായ കാരണമുണ്ടു്. 3. ഓരോന്നിനും അതിൻേറതായ സ്ഥാനമുണ്ടു്. 4. ഒരു കാര്യത്തിനു് ശക്തിയുള്ളവൻ മററൊന്നിനു് അശക്തനായിരിക്കും. 5. കാര്യത്തിൽ കാരണഭാവം ലയിച്ചുകിടക്കുന്നു.

പ്രപഞ്ചം ഭൗതികമാണു്. അതിനാൽ അതിൻെറ മൂലകാരണവും ഭൗതികമാണു്. മൂലപ്രകൃതിയാണു് പ്രപഞ്ചകാരണം. വേരിനു് വേരില്ലാത്തതുപോലെ ('അമൂലം മൂലം') മൂലപ്രകൃതി അകാരണമാണു്. പ്രധാനം, അവ്യക്തം, എന്നെല്ലാം അതിനു് പേരുണ്ടു്. അതിസൂക്ഷ്മമാണു് 'അവ്യക്തം'. അതുകൊണ്ടു്

അതു് അദൃശ്യവും, അനഭിവ്യക്തവും അഗ്രാഹ്യവും ആയിരിക്കുന്നു. പ്രപഞ്ചവും പ്രാപഞ്ചിക പ്രതിഭാസങ്ങളും 24 തത്വങ്ങളുടെ ആഘാത പ്രത്യാഘാതങ്ങളുടെയും കാര്യകാരണ ബന്ധങ്ങളുടെയും ഫലമാണ്.

തത്വങ്ങൾ: 1. പ്രകൃതി. അതിൽനിന്നു് 'മഹത്' (ബുദ്ധി). മഹത്തിൽനിന്നു് അഹങ്കാരം. അഹങ്കാരത്തിൽ നിന്നു് ഷോഡശകഗണങ്ങൾ. അതായത്, ശബ്ദം, സ്പർശം, വർണം, രസം, ഗന്ധം എന്നീ പഞ്ചതന്മാത്രകൾ. ചക്ഷുസ്സ്, ശ്രോത്രം, രസന, ഘ്രാണം, ത്വക്ക്—എന്നീ പഞ്ചേന്ദ്രിയങ്ങൾ. വാക്, പാണി, പാദം, പായു, ഉപസ്ഥം—എന്നീ കർമ്മേന്ദ്രിയങ്ങൾ. മനസ്സ്, പൃഥ്വി, അപ്പ്, തേജസ്സ്, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളും.

ഈ തത്വങ്ങളുടെ പരിണാമത്താൽ പ്രകൃതിയും പ്രപഞ്ച പ്രതിഭാസങ്ങളുമുണ്ടായി. പ്രകൃതിയെ ഈ പരിണാമത്തിൽ സഹായിക്കുന്നതിനു് 'പുരുഷനു'മുണ്ട്. അനാദിയും, സ്വതന്ത്രനും, അകാരണനുമായ പുരുഷൻ പ്രകൃതിക്കു് തുല്യനാണ്. വെറും സാക്ഷിയാണ് പുരുഷൻ. കാരണമെന്ന സ്വഭാവം പ്രകൃതിക്കേയുള്ളു; പുരുഷനില്ല. മുടന്തനും അന്ധനും തമ്മിലുള്ള പരസ്പരസഹകരണത്തിന്റെ ഉപമയാണ് ഇക്കാര്യം വിശദീകരിക്കാൻ ഗൗഡപാദൻ ഉപയോഗിച്ചതു്. (സാംഖ്യകാരികയുടെ ഭാഷ്യം.) പുരുഷനു് സൃഷ്ടിശക്തിയില്ലെങ്കിലും പ്രകൃതി ബഹുരൂപമായ ജഗത്തിനെ സൃഷ്ടിക്കാൻ ശക്തയാകുന്നതു് പുരുഷസംയോഗത്താലാണ്.

അവ്യക്തപ്രകൃതി, വ്യക്തപ്രപഞ്ചമാകുന്നതു് ത്രിഗുണങ്ങളെ അടിസ്ഥാനമാക്കിയാണ്: സത്വരജസ്തമോ ഗുണങ്ങൾ. ഈ മൂന്നു ഗുണങ്ങളും സാമ്യാവസ്ഥയിലിരിക്കുന്നതു് പ്രളയം. ഒരു ഗുണത്തിനു് ആധിക്യമുണ്ടാകുമ്പോൾ സാമ്യാവസ്ഥ മാറി പരിണാമ പ്രക്രിയ ഉണ്ടാകുന്നു.

സാംഖ്യദർശനമനുസരിച്ച് പ്രപഞ്ചസൃഷ്ടിയുടെ പിന്നിൽ ഒരു ഈശ്വരൻ ആവശ്യമില്ല; അങ്ങനെ ഒന്നില്ല. കാരണം, സത്ക്കാര്യവാദപ്രകാരം, ചൈതന്യമായ ഈശ്വരനിൽ നിന്ന് ഉത്ഭവിക്കുന്ന പ്രപഞ്ചം ജഡമാകയില്ലല്ലോ.

ഈശ്വരാസ്തിത്വത്തെക്കുറിച്ചുള്ള ഒരു പൂർവ്വപക്ഷം ഉന്നയിച്ച് അതിനു കപിലൻ നൽകുന്ന സമാധാനം കാണുക: പൂർവ്വപക്ഷം: കർമ്മത്തിൻെറ ഫലദാതാവായതുകൊണ്ട് ഈശ്വരാസ്തിത്വം തെളിയിക്കപ്പെട്ടു. (സാംഖ്യസൂത്രം – V. - I.)

മറുപടി: ഈശ്വരൻെറ മേൽനോട്ടത്തിലല്ല കർമ്മഫലത്തിൻെറ ലബ്ധി. എന്തെന്നാൽ, പ്രവൃത്തിയിൽനിന്നുതന്നെയാണ് അതിൻെറ ലബ്ധി. (V- 2)

ഇങ്ങനെ തുറന്നുപറഞ്ഞിട്ടും പിൽക്കാലത്തെ ഭാഷ്യകാരന്മാർ സാംഖ്യദർശനത്തിലും ഈശ്വരനെ കടത്തിവിട്ടിട്ടുണ്ട്. "സാംഖ്യം പൗരാണികശാസ്ത്രീയരൂപത്തിൽ ഈശ്വരവാദത്തെ അനുകൂലിക്കുന്നില്ല." (ഭാ. ദ. ii - P. 307) എന്നു പറഞ്ഞശേഷം ഡോ. രാധാകൃഷ്ണൻ വിചിത്രമായ ഒരു വാദം ഉന്നയിക്കുന്നു: " 'ഈശ്വരാഭാവാൽ' എന്നല്ല, 'ഈശ്വരാസിദ്ധേ' എന്നാണ് പറഞ്ഞിട്ടുള്ളതു്. അതുകൊണ്ട് സാംഖ്യൻ നിരീശ്വരനല്ല. കാരണം ഒരീശ്വരനില്ലെന്നു് അനുമാനിക്കാൻ കാരണമില്ലെന്നേ പറയുന്നുള്ളു. (P-308)

കപിലൻ എന്തു പറഞ്ഞു? നോക്കുക: (അദ്ദേഹത്തിൻെറ– ഈശ്വരൻെറ—അസ്തിത്വത്തെ സ്ഥാപിക്കുന്ന) പ്രമാണങ്ങളുടെ അഭാവത്താൽ (ഈശ്വരൻ) തെളിയിക്കപ്പെടുന്നില്ല. (V-10)

(പ്രാപഞ്ചിക) ബന്ധത്തിൻെറ അഭാവത്താൽ (ഈശ്വരനു്) അനുമാനത്തെളിവില്ല. (V-11)

കാര്യവും കാരണവും തമ്മിൽ, അടയാളവും അനുമാനിക്കാവുന്നതും തമ്മിൽ വ്യക്തമായ ബന്ധം ഉണ്ടായിരിക്കണം. അനുമാനാത്മകമായ തെളിവ് ഈശ്വരനു് വേണമെങ്കിൽ അതിനു്

ഉചിതമായ കാരണം ഉണ്ടായിരിക്കണം. അനുമാനത്തിനു് മുൻ ഉപാധി, ഈശ്വരനും കാരണവും തമ്മിൽ നിത്യബന്ധമായിരിക്കണം. ഈശ്വരൻ ഒരിക്കലും പ്രത്യക്ഷനല്ല. അതിനാൽ ഈശ്വരനും ഈശ്വരന്റെ അനുമാനത്തിനുതകുന്ന ഒരു ബന്ധവും പ്രത്യക്ഷമാകുവാൻ സാദ്ധ്യമല്ല. അതുകൊണ്ടു് ഈശ്വരാസ്തിത്വത്തിനു് അനുമാനത്തെളിവുമില്ല.

അനുമാനിക്കാൻപോലും സാദ്ധ്യതയില്ലാത്ത ഒന്നിനെ സാംഖ്യൻ നിഷേധിച്ചിട്ടില്ല എന്നാണ് രാധാകൃഷ്ണന്റെ വാദം. അതുകൊണ്ടു് കപിലനെ ഈശ്വരവിശ്വാസിയാക്കുന്നു! പക്ഷേ സ്മൃതികാരൻ കപിലനെപ്പററി എന്തുപറയുന്നു? നോക്കുക: 'ബൗദ്ധന്മാർ, പാശുപാതന്മാർ, ജൈനന്മാർ, ലോകായതന്മാർ, കപിലാനുയായികൾ എന്നിവരെ തൊട്ടാൽ ഉടുവസ്ത്രത്തോടെ കുളിച്ചു് ശുദ്ധിവരുത്തേണ്ടതാണ്'. (സ്മൃതിചന്ദ്രിക: 1. 118 കാണെ, ഹിന്ദുധർമ്മശാസ്ത്രത്തിൽ ഉദ്ധരിച്ചതു്-ഭാഗം ii-65)

ബ്രഹ്മസൂത്രത്തിൽ ബൗദ്ധജൈനാദിദർശനങ്ങളെ വിമർശിക്കുന്ന 43 സൂത്രങ്ങളാണുള്ളതു്; സാംഖ്യനിഷേത്തിനു് 65 സൂത്രങ്ങളും. 'പ്രബലശത്രു' എന്നാണ് സാംഖ്യദർശനത്തെ ശങ്കരൻ വിശേഷിപ്പിച്ചതു്. (ശാങ്കരഭാഷ്യം II-1-12)

## യോഗദർശനം

പതഞ്ജലിയുടെ പേരിൽ അറിയപ്പെടുന്നു. സാംഖ്യ പദ്ധതി തന്നെയാണു് പ്രപഞ്ചത്തെപ്പററി സ്വീകരിച്ചിട്ടുള്ളതു്. (സാംഖ്യരുടെ 'മഹത്തി'നു് 'ചിത്ത'മെന്നു പറയുന്നു.)

പുരുഷൻ പ്രകൃതിധർമ്മബന്ധത്താൽ മാററത്തിനു് വിധേയനാകുന്നു. ഈ ബന്ധത്തിനു് കാരണം അവിദ്യയാണ്. അവിദ്യ നശിച്ചാൽ, പ്രകൃതിപുരുഷബന്ധം അപ്രത്യക്ഷമാകും. ഈ അവസ്ഥയാണു് കൈവല്യം. യോഗത്തിന്റെ ആത്യന്തികലക്ഷ്യമാണിതു്. പുരുഷൻ പ്രകൃതിയിൽനിന്നു് സ്വതന്ത്രനാണെന്ന ജ്ഞാനമുണ്ടായാൽ കൈവല്യം നേടാം.

ചിത്തത്തിൽ പ്രാപഞ്ചികപ്രതിഭാസങ്ങൾ പ്രതിഫലിക്കുന്നതാണ് 'ചിത്തവൃത്തികൾ'. ചിത്തവൃത്തി നിരോധമാണ് യോഗം. അതായതു് ചിത്തത്തെ അതിൻെറ സ്വാഭാവിക കാര്യങ്ങളിൽനിന്നു് പിൻവലിക്കുക. ചിത്തവൃത്തി നിരോധത്തിനു് അഭ്യാസം വേണം. അഷ്ടാംഗങ്ങളാണ് ഇതിനുള്ള ഉപായം: യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം ധാരണ, ധ്യാനം, സമാധി—ഇവ. അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അപരിഗ്രഹം—ഇവ 'യമ'ത്തിലുൾപ്പെടുന്നു; ശൗചം, സന്തോഷം, ഈശ്വരഭക്തി ഇവ 'നിയമ'ത്തിലും. ഈ ഉപായങ്ങൾവഴി ചിത്തവൃത്തി നിരോധവും തദ്വാരാ കൈവല്യവും നേടാം.

യോഗസാധനങ്ങളിലൊന്നായി ഈശ്വരഭക്തി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഏകാഗ്രതയ്ക്കു് വേണ്ടിയുള്ള ഒരു ഉപാധി മാത്രമാണതു്. രുചിഭേദമനുസരിച്ചു് എന്തും ധ്യാനവിഷയമാക്കാം. (യഥാഭിമതധ്യാനാദ്വാ. യോ. സൂ. ii—39) 'യോഗപദ്ധതിയിൽ ഈശ്വരസങ്കല്പത്തെ അവതരിപ്പിച്ചതു് ലോകവ്യവഹാരത്തെക്കരുതിയും പൊതുജനമനസ്സിനെ ആകർഷിക്കാനും വേണ്ടിയാണ്'. (ഭാ. ദ. ii-P. 362)

'ഈശ്വരനെപ്പററി പ്രതിപാദിക്കുന്ന യോഗസൂത്രങ്ങൾ ഇതരഭാഗങ്ങളോടു് ബന്ധമില്ലാത്തവയും ഈ പദ്ധതിയുടെ അടിസ്ഥാനത്തിനു് വിരുദ്ധവുമാണ്'.: (ഗാർബെ. The Philosophy of Ancient India. P. 15)

'യോഗദർശനത്തിലെ വ്യക്തിരൂപത്തിലുള്ള ഈശ്വരൻ അതിലെ മററു ഭാഗങ്ങളുമായി വളരെ അയഞ്ഞ മട്ടിലാണ് കൂട്ടിച്ചേർക്കപ്പെട്ടിട്ടുള്ളതു്. മാനുഷികാഭിലാഷങ്ങളുടെ ലക്ഷ്യം ദൈവവുമായി താദാത്മ്യം പ്രാപിക്കലല്ല; പിന്നെയോ, പുരുഷനെ പ്രകൃതിയിൽനിന്നു് പൂർണ്ണമായി വേറിട്ടുവിക്കലാണ്.

പരമമായ സ്വാതന്ത്ര്യത്തിലെത്തിച്ചേരാനുള്ള അനേകം മാർഗ്ഗങ്ങളിൽ ഒന്നുമാത്രമാണ് ഈശ്വരഭക്തി. ഈശ്വരൻ വെറുമൊരു പുരുഷവിശേഷം മാത്രമാണവിടെ. പ്രപഞ്ചത്തിൻെറ സ്രഷ്ടാവും സംരക്ഷകനുമല്ല. ഇത്തരത്തിലുള്ള ഒരീശ്വരസങ്കൽപ്പം അതൃപ്തികരമാണ്.' (ഭാ. ദ. ii. P. 361 )

## പൂർവ്വമീമാംസ

മീമാംസ രണ്ടുണ്ട്: പൂർവ്വമീമാംസയും (കർമ്മമീമാംസ) ഉത്തരമീമാംസയും (ജ്ഞാനമീമാംസ). [രണ്ടും ഒന്നുതന്നെ എന്നു മണ്ഡനമിത്രൻ. ഒരേ ദർശനത്തിൻെറ രണ്ടു ഭാഗങ്ങൾ. 'കർമ്മജ്ഞാനസമുച്ചയവാദമാണിതു്.]

ജൈമിനിയാണ് പൂർവ്വമീമാംസയുടെ സൂത്രകാരൻ.

'അഥാതോ ധർമ്മജിജ്ഞാസാ. (1-1-1) അനന്തരം ധർമ്മത്തെക്കുറിച്ചു് അറിയാം. എന്താണ് ധർമ്മം? കർമ്മം ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന വിധികളാണ് ധർമ്മം. അതിനു് പ്രത്യക്ഷജ്ഞാനം മാത്രം പോരാ. കാരണം, വർത്തമാനസ്ഥിതി അറിയാൻ മാത്രമേ പ്രത്യക്ഷജ്ഞാനം ഉതകുന്നുള്ളു. ധർമ്മമാകട്ടെ ഭാവിയുമായി ബന്ധപ്പെട്ടതാണ്. അതറിയാനുള്ള വഴി വേദവിധി അനുസരിക്കുകയാണ്. വേദവിധിപ്രകാരമുള്ള കർമ്മങ്ങളാണ് ധർമ്മത്തിൻെറ അടിസ്ഥാനം. കർമ്മമെന്നാൽ വൈദിക വിധിപ്രകാരമുള്ള യാഗാദികർമ്മങ്ങളും മതച്ചടങ്ങുകളുമാണ്. ഓരോ കർമ്മത്തിനുമുണ്ട് അതിൻെറ ഫലം. ഭാവിയിൽ ഫലമുണ്ടാകും.

കർമ്മങ്ങൾ മൂന്നുവിധം ഉണ്ടു്.

1. നിത്യകർമ്മങ്ങൾ (സന്ധ്യാവന്ദനാദി. ഇവ ചെയ്യാതിരുന്നാൽ പാപമുണ്ടു്.)

2. നൈമിത്തികങ്ങൾ (പ്രത്യേക സന്ദർഭങ്ങളിൽ ചെയ്യേണ്ടവ.)

3. കാമ്യകർമ്മങ്ങൾ. (ഐച്ഛികമാണിത്.)

പ്രപഞ്ചം കർമ്മനിയമമനുസരിച്ച് സ്വയം ആവിർഭവിച്ചു. പ്രപഞ്ചസ്രഷ്ടാവില്ല. പ്രപഞ്ചത്തിൻെറ ഭൗതികഘടകങ്ങൾ നിത്യങ്ങളാണ്; അനശ്വരങ്ങളാണ്. കാരണത്തിൽ കാര്യമടങ്ങിയിരിക്കുന്നു. (വിത്തിൽ ചെടി എന്നപോലെ.) കാര്യകാരണബന്ധങ്ങളുടെ ഫലം അനിവാര്യമാണ്. അങ്ങനെ പ്രപഞ്ചമുണ്ടായി. കർമ്മങ്ങൾക്ക് ഉടനെതന്നെ ഫലപ്രാപ്തി ഉണ്ടാകണമെന്നില്ല. കർമ്മത്തിനും ഫലപ്രാപ്തിക്കുമിടയിലുള്ള ഇടവേളയിൽ കർമ്മഫലം 'അപൂർവ്വം' എന്ന രൂപത്തിൽ സ്ഥിതിചെയ്യുന്നു. ഒരു അദൃശ്യനിഗൂഢശക്തിയാണിത്.

ആത്മാവുണ്ട്. എന്നാൽ അതിന് പരിമിതികളുണ്ട്:

1. ഭൗതികശരീരം. ഭൗതികപദാർത്ഥത്തിൽനിന്ന് സ്വതന്ത്രമല്ല ആത്മാവ്.

2. ഇന്ദ്രിയങ്ങൾ. പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടെയാണ് ആത്മാവ് ബാഹ്യലോകവുമായി ബന്ധപ്പെടുന്നത്.

3. ബാഹ്യലോകം. എല്ലാ ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനം ബാഹ്യലോകമാണ്.

ശാബ്ദം, പ്രത്യക്ഷം, അനുമാനം, അർത്ഥാപത്തി, സംഭവം, അഭാവം (അനുപലബ്ധി) എന്നിവയാണ് പ്രമാണങ്ങൾ.

"തികഞ്ഞ യാഥാർത്ഥ്യവാദികളാണ് മീമാംസകർ. ആത്മീയവാദത്തിൻെറ വിരോധികളാണവർ. സ്രഷ്ടാവില്ല. സർവ്വജ്ഞനില്ല. ഇന്ദ്രിയവിധേയമായ ലോകമല്ലാതെ മററൊന്നില്ല. പൂർവ്വമീമാംസയിൽ ഈശ്വരനില്ല. പില്ക്കാല എഴുത്തുകാർ ഈശ്വരനെ അതിലും കടത്തിവിട്ടതാണ്." (ഭ. ദ. ii - 427)

എന്തുകൊണ്ട് ഈശ്വരനില്ല ശബരസ്വാമിയുടെ ഭാഷ്യമനുസരിച്ച്, "ഈശ്വരാസ്തിത്വത്തിനു തെളിവില്ല. ഇന്ദ്രിയ

വേദനം ഈശ്വരനെ വെളിപ്പെടുത്തുന്നില്ല. മററു ജ്ഞാനപ്രഭവങ്ങളെല്ലാം ഇന്ദ്രിയവേദനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്."

"വേദവിഹിതങ്ങളായ യജ്ഞാഹുതികളർപ്പിക്കുവാൻ അനേകം ദേവതകളെ പൂർവ്വമീമാംസ സ്ഥാപിക്കുന്നുണ്ട്. വൈദിക കർമ്മാനുഷ്ഠാനത്തിന് ഒരു പരമശക്തിയുടെ സംസ്ഥാപനം അത്യാവശ്യമല്ലാത്തതുകൊണ്ട് പൂർവ്വമീമാംസ പ്രസ്തുത ദേവതകൾക്കപ്പുറം കടക്കുന്നില്ല. ജൈമിനി ഈശ്വരനെ തീരെ നിഷേധിക്കുകയല്ല, അവഗണിക്കുകയാണ്. വൈദികധർമ്മത്തിന്റെ ഒരു വിഭാഗത്തിനും ഈശ്വരന്റെ സഹായം ആവശ്യമില്ല. നിത്യവും സ്വതഃസത്തുമായ വേദങ്ങളിൽ ധർമ്മം സുസ്ഥാപിതമായിരിക്കുന്നു. വേദങ്ങൾ ഈശ്വരകർത്തൃകമല്ല." (ഭാ.ദ് ii-P. 414)

"ഈശ്വരകൃതികളാണെന്നു കരുതപ്പെടുന്ന വേദങ്ങൾ ഈശ്വരനാണ് ജഗത്സ്രഷ്ടാവെന്നു പ്രഖ്യാപിക്കുന്നപക്ഷം, ആ പ്രസ്താവനകൾക്ക് വില കൽപ്പിക്കേണ്ടതില്ല. ജഗത്തിനെ സൃഷ്ടിച്ചത് സ്രഷ്ടാവെങ്കിൽ ആർക്കാണതു തെളിയിക്കാൻ കഴിയുക? എങ്ങനെയാണദ്ദേഹം ജഗത്തിനെ സൃഷ്ടിക്കുന്നതു്? ഈശ്വരന് ഭൗതികശരീരമില്ലെങ്കിൽ സൃഷ്ടിക്കാനുള്ള ഇച്ഛയുണ്ടാകാൻ വയ്യ.

അതിനു് (ആ ശരീരത്തിനു്) മറെറാരു സ്രഷ്ടാവ് ആവശ്യമായിവരും. അദ്ദേഹത്തിന്റെ ശരീരം നിത്യമെന്നു കരുതപ്പെടുന്നപക്ഷം, എന്തു ഘടകതത്വങ്ങളാലാണ് അതു് നിർമ്മിക്കപ്പെട്ടതു്? ഭൂമിയും മററു ഭൂതങ്ങളും അന്നു് ഉൽപ്പന്നമായിട്ടില്ലല്ലോ. അദ്ദേഹത്തിന്റെ സൃഷ്ടികർമ്മത്തിനു മുമ്പായി പ്രകൃതിയുടെ അസ്തിത്വമുണ്ടെങ്കിൽ, മററു പദാർത്ഥങ്ങളുടെ അസ്തിത്വത്തെ നിഷേധിക്കാൻ കാരണമൊന്നുമില്ല. ദുഃഖപൂർണ്ണമായ

പ്രപഞ്ചത്തിന്റെ സൃഷ്ടികൊണ്ട് അദ്ദേഹത്തിനെന്തു് പ്രയോജനം? ദയകൊണ്ട് സൃഷ്ടിച്ചു എന്നു പറയാനും വയ്യ. കാരണം, അന്ന് ദയയ്ക്കോ, അനുകമ്പയ്ക്കോ പാത്രമായ ഒരു സത്വമുണ്ടായിരുന്നില്ല. മാത്രമല്ല, അത്തരമൊരു വീക്ഷണത്തിൽ, സുഖികളായ സത്വങ്ങളെ മാത്രമെ സൃഷ്ടിക്കുമായിരുന്നുള്ളു. ഒരു ദുഃഖാംശം കൂടാതെ സൃഷ്ടി സാദ്ധ്യമല്ലെന്നു് പറയാനും സാദ്ധ്യമല്ല. എന്തെന്നാൽ, ഈശ്വരന്നു് അസാദ്ധ്യമായിട്ടൊന്നുമില്ലല്ലോ. ഈശ്വരൻ പരിമിതനാണെന്നു് വന്നാൽ, അദ്ദേഹം സർവ്വശക്തനല്ലാതാകുന്നു.

ഈശ്വരന്റെ വിനോദത്തിനുവേണ്ടിയാണ് ജഗത്തിന്റെ സൃഷ്ടിയെന്നു പറയുന്നപക്ഷം, ഈശ്വരൻ പൂർണ്ണസുഖനാണെന്ന സിദ്ധാന്തത്തിന്നു് എതിരാകും. നാമെന്തിന്നു് ഈശ്വരന്റെ വാക്കിനെ വിശ്വസിക്കണം? അദ്ദേഹം ജഗത്സൃഷ്ടി ചെയ്തിട്ടില്ലെങ്കിലും തന്റെ ശക്തിയുടെ മഹത്വം പ്രദർശിപ്പിക്കാനായി അദ്ദേഹമങ്ങനെ—താനാണ് സൃഷ്ടിച്ചതെന്നു്—പറഞ്ഞേക്കാവുന്നതാണ്. (ഭാ. ദ. ii. 415) ലോകത്തിലെ എല്ലാ അസമത്വങ്ങൾക്കും ഉത്തരവാദിത്വം ഈശ്വരനാണെങ്കിൽ, അദ്ദേഹത്തിന്നു് പക്ഷപാതിത്വം, ക്രൗര്യം എന്നീ അപരാധങ്ങളിൽ നിന്നു് രക്ഷപ്പെടാൻ കഴിയില്ലെന്നും ജൈമിനി വാദിച്ചു

ഈശ്വരനാണ് പ്രപഞ്ചം സൃഷ്ടിച്ചതെങ്കിൽ, സൃഷ്ടിക്കാവശ്യമായ പദാർത്ഥമേതു്? മീമാംസകൻ ചോദിക്കുന്നു.

പാത്രനിർമ്മാണത്തിന്നു് കുശവൻ കളിമണ്ണുപയോഗിക്കുന്നു. ഈശ്വരനാകുന്ന കുശവൻ പ്രപഞ്ചസൃഷ്ടിക്കുപയോഗിച്ച കളിമണ്ണേതു്? അത്തരം വസ്തുക്കൾ ഒന്നുംതന്നെ ആദിയിൽ ഉണ്ടായിരുന്നില്ല എന്നാണല്ലോ ഈശ്വരവാദിയുടെ അഭിപ്രായം. ഈ ചോദ്യത്തിന്നു് ഈശ്വരവാദിക്കൊരു മറുപടിയുണ്ടു്: എട്ടുകാലി തന്നിൽ നിന്നുതന്നെ വലനെയ്യുന്നതുപോലെ ഈശ്വരൻ തന്നിൽനിന്നുതന്നെ സൃഷ്ടിക്കുന്നു—ബാഹ്യവസ്തു കൂടാതെ.

കുമാരിലഭട്ടൻ ഈ വാദം ഖണ്ഡിക്കുന്നു: എട്ടുകാലി ഒന്നും സൃഷ്ടിക്കുന്നില്ല. വലനെയ്യുന്നതു് ബാഹ്യവസ്തുക്കളിൽ നിന്നാണ്. ഭൗതികാടിസ്ഥാനം കൂടാതെയല്ല എട്ടുകാലി വലകെട്ടുന്നതു്. ഉമിനീരുകൊണ്ടാണ് അതു് വലയുണ്ടാക്കുന്നതു്, ഉമിനീരുണ്ടാകുന്നതു് എട്ടുകാലി ഭക്ഷിച്ച ജന്തുക്കളുടെ ശരീരത്തിൽ നിന്നാണ്.

ഇങ്ങനെ ഈശ്വരനെ നിരാകരിച്ച മീമാംസയിലേയ്ക്കാണ് പില്ക്കാല വ്യാഖ്യാതാക്കൾ ഈശ്വരനെ പ്രവേശിപ്പിച്ചതു്. ലോകായതീകൃതമായ മീമാംസയെ ആസ്തികമാർഗ്ഗത്തിലേക്കു് കൊണ്ടുവരുന്നതിനാണ് തൻെറ യത്നം എന്നു കുമാരിലൻ തുറന്നു പറഞ്ഞു. എന്നാൽ കുമാരിലൻ ഈശ്വരവാദിയല്ലെന്നു വരുത്തിത്തീർക്കുകയാണ് മറവചിലർ!

## ഉത്തരമീമാംസ (വേദാന്തം)

ഉപനിഷത്തുകളെയാണ് വേദാന്തമെന്നു പറയുന്നത്. അതിനാൽ ഉത്തരമീമാംസ ഉപനിഷത്തുകളെ ആധാരമാക്കിയുള്ള ദർശനമാണ്. എന്നാൽ, ഉപനിഷത്തുകളിൽ ഏകാഭിപ്രായമല്ല ഉള്ളതെന്നു കണ്ടുകഴിഞ്ഞു. ബാദരായണൻ തനിക്കിഷ്ടമുള്ള വാക്യങ്ങൾമാത്രം ആധാരമാക്കി വേദാന്തസൂത്രങ്ങൾ രചിച്ചു എന്നു കരുതാം.

"അഥാതോ ബ്രഹ്മജിജ്ഞാസ" (അനന്തരം ബ്രഹ്മത്തെക്കുറിച്ചു് അറിയാം) ഇതാണ് പ്രഥമസൂത്രം. എന്താണ് ബ്രഹ്മം? പ്രപഞ്ചോല്പത്തി എവിടെനിന്നോ, അതാണ് ബ്രഹ്മം. ആത്മാവും ബ്രഹ്മവും ഒന്നുതന്നെ. പ്രപഞ്ചം അതിൽനിന്നു് ഉണ്ടായി. ജഗത്തിൻെറ ഉപാദാനകാരണവും നിമിത്തകാരണവും ബ്രഹ്മംതന്നെ. ബ്രഹ്മം സർവ്വപദാർത്ഥങ്ങളായി രൂപാന്തരപ്പെടുന്നു. കാര്യവും കാരണവും ഭിന്നമല്ല. (മണ്ണും മൺപാത്രവുംപോലെ; സ്വർണ്ണവും സ്വർണ്ണാഭരണവും

പോലെ.) ബ്രഹ്മവും ജഗത്തും ഭിന്നമല്ല. കാര്യകാരണങ്ങളുടെ താദാത്മ്യമെങ്ങനെ? ഒരു വസ്ത്രം ചുരുട്ടിവെച്ചിരുന്നാൽ അതിന്റെ സ്വരൂപം കാണുന്നില്ല. അതു് നിവർത്തിയിട്ടമ്പോൾ സ്വരൂപം പൂർണ്ണമായും പ്രകാശിപ്പിക്കുന്നു. രണ്ടവസ്ഥകളിലും വസ്ത്രഖണ്ഡം ഒന്നുതന്നെ. കാര്യകാരണങ്ങൾ, അവയുടെ ഗുണങ്ങൾക്കു് ഭേദമുണ്ടെങ്കിലും, ഒരു വസ്തുതന്നെ. (ii_1_19)

ബ്രഹ്മം തന്റെ ലീലയ്ക്കായി (ii-1-33) താൻതന്നെ ജഗദ്രൂപമായി വികസിക്കുന്നു. എന്നാൽ സ്വന്തം നിലയിൽ യാതൊരു മാററവും ഉണ്ടാവുന്നില്ല. സ്വസ്വരൂപത്തിനു് യാതൊരു ക്ഷയവും സംഭവിക്കുന്നില്ല. "ഇതെങ്ങിനെയാണു് സംഭാവ്യമാകുന്നതെന്നു് വിശദീകരിക്കാൻ ബാദരായണൻ തുനിയുന്നില്ല." (ഭാ. ദ. ii-P. 428) രാമാനുജനും മററും ബ്രഹ്മത്തിനു് അസങ്കല്പ്യങ്ങളായ കാര്യങ്ങൾകൂടി സാധിക്കാനുള്ള ആശ്ചര്യകരമായ ശക്തികളുണ്ടെന്നു് നിഷ്ക്കർഷിക്കുന്നു. ബാദരായണൻ അതും പറയുന്നില്ല. അദ്ദേഹം ശ്രുതികളിലുള്ള പ്രത്യക്ഷവിരുദ്ധങ്ങളായ പ്രസ്താവങ്ങളിലേക്കു് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. എന്നാൽ ശ്രുതിപ്രാമാണ്യത്തെ ചോദ്യംചെയ്യാൻ നമുക്കു് അധികാരമില്ലെന്നു് താക്കീതു് നൽകുകയും ചെയ്യുന്നു. ഒരു ദാർശനികദൃഷ്ടിയിലൂടെ നോക്കുമ്പോൾ ഈ സമാധാനം തൃപ്തികരമല്ല. (P. 428)

"ബ്രഹ്മം അവികാരിയും നിത്യവുമാണെന്നു് ഉപനിഷത്തുകൾ ഉൽഘോഷിക്കുന്നു. ജഗത്തു് പരിവർത്തിക്കുന്നതും അനിത്യവുമാണു്. ഇത്തരമൊരു കാരണത്തിൽനിന്നു് ഇങ്ങനെയൊരു കാര്യം ഉല്പന്നമാകുന്നതെങ്ങനെ? ശ്രുതിയെ ആധാരമാക്കി, ബ്രഹ്മം സ്വയമേവ ജഗദ്രൂപമായി വികസിക്കുന്നു എന്നും അതിൽനിന്നു് അതീതനായി വർത്തിക്കുന്നു എന്നും മാത്രം ഉറപ്പിച്ചു പറയുന്നു." (ഭാ. ദ. ii-133)

വേദാന്തത്തിന്റെ ദൃഷ്ടിയിൽ പരമലക്ഷ്യം ബ്രഹ്മജ്ഞാനമാണു്. അതായതു് ബ്രഹ്മത്തെ പ്രാപിക്കൽ. ത്രൈവർണ്ണികർക്കു് യജ്ഞാദികൾക്കു് അധികാരമുണ്ടു്. ഉപനിഷത്തുകളെ അനുസരിച്ചുകൊണ്ടുതന്നെ. ബ്രഹ്മസൂത്രം ആരാധകരെ വരം നൽകി അനുഗ്രഹിക്കുന്ന ദേവന്മാരെ പൂജിക്കാൻ അനുവദിക്കുന്നു. ആ ദേവന്മാരെ ശാസിക്കുന്നതു് പരബ്രഹ്മമാണു്. (iii-2—38—41) പ്രതീകങ്ങളെ അനുവദിക്കുന്നതു് മനുഷ്യന്റെ ദൗർബ്ബല്യങ്ങളെ കണക്കിലെടുത്താണു്.

ബാദരായണദർശനത്തിന്റെ ശുദ്ധരൂപമെന്തെന്നു് ഇന്നു് അവധാരണം ചെയ്യുക എളുപ്പമല്ല. ഭാഷ്യകാരന്മാർ എന്തെല്ലാം കൂട്ടിച്ചേർത്തിട്ടുണ്ടെന്നു് നിർണ്ണയിക്കുക വിഷമമാണു്. ബാദരായണനുതന്നെ പല ആശയക്കുഴപ്പങ്ങളുണ്ടു്. ബ്രഹ്മത്തെക്കുറിച്ചു് രണ്ടു് വീക്ഷണം സൂത്രങ്ങളിൽ കാണാം: നിർവ്വിശേഷചിന്മാത്രവും സവിശേഷമൂർത്തിയും. (ബാദരി, കാശകൃത്സ്നൻ, ഔഡുലോമി എന്നിവർ ആദ്യവീക്ഷണവും ആശ്മരഥ്യൻ, ജൈമിനി എന്നിവർ രണ്ടാമത്തെ വീക്ഷണവും അവതരിപ്പിച്ചു.) ഈ രണ്ടു വീക്ഷണവും പരസ്പര വിരുദ്ധമെന്നു സ്പഷ്ടമാണു്. ഇതു് സമന്വയിപ്പിക്കുന്നതെങ്ങനെ? ഭാഷ്യകാരന്മാരുടെ വിഭിന്ന പദ്ധതികളുടെ ബീജം ഇവിടെയാണു്. ഭാഷ്യകാരന്മാരെ മാററിനിർത്തി ഇന്നു് വേദാന്തദർശനം പരിശോധിക്കുക സാദ്ധ്യമല്ല. പ്രധാനപ്പെട്ട ചില വീക്ഷണങ്ങളെക്കുറിച്ചുമാത്രമേ ഇവിടെ പറയുന്നുള്ളു.

## അദ്വൈതം:

ശങ്കരന്റെ പേരിൽ അറിയപ്പെടുന്നു.

ബ്രഹ്മമാണു് പരമസത്ത. അതു് ഏകവും അപരിഛിന്നവും നിരവയവവും നിർഗ്ഗുണവും ആണു്. സത്യം ജ്ഞാനമനന്തം, സച്ചിദാനന്ദം എന്നെല്ലാം അതിനെപ്പററി പറയുന്നു.

ബ്രഹ്മത്തിന്റെ പരിണാമമല്ല പ്രപഞ്ചം; 'വിവർത്ത'മാണ്. ബ്രഹ്മത്തിന്റെ നിഴൽമാത്രം. പ്രപഞ്ചത്തിന് യാഥാർത്ഥ്യമില്ല അത് മിഥ്യയാണ്. ബ്രഹ്മം എന്ന തത്വത്തെ ആവരണം ചെയ്ത് പ്രപഞ്ചമാണെന്ന് തോന്നിപ്പിക്കുന്നു. ജഗത്തിന് വ്യാവഹാരികസത്ത മാത്രമേയുള്ളു. ബ്രഹ്മത്തിന്റെ പ്രതിബിംബമാണ് ജീവാത്മാക്കൾ. നാനാത്വം മിഥ്യയാണ്. 'ഘടാകാശം' (കുടത്തിനുള്ളിലെ ആകാശം) 'ഘട'മെന്ന ഉപാധി നശിക്കുമ്പോൾ 'മഹാകാശ'ത്തിൽ ലയിക്കും. അതുപോലെ ശരീരമെന്ന ഉപാധി നശിച്ചാൽ ജീവാത്മാവ് പരമാത്മാവിൽ ലയിക്കുന്നു. അവിദ്യയാണ് ബന്ധനകാരണം. അവിദ്യ നശിച്ചാൽ മുക്തി; സാക്ഷാത്കാരം.

കാരണമായ ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളു. കാര്യരൂപേണ കാണപ്പെടുന്ന ജഗത്ത് മായയാണ്. 'രജ്ജുസർപ്പം'പോലെ (കയർപ്പാമ്പ്) മിഥ്യയാണ് ബ്രഹ്മത്തിൽ ദൃശ്യമാകുന്ന ജഗത്ത്. സത്യമായ 'തത്വ'ത്തെ മറച്ച് (ആവരണം) തൽസ്ഥാനത്ത് വേറൊന്നിനെ തോന്നിപ്പിക്കുന്നത് (വിക്ഷേപം) 'മായ'യാണ്. ആവരണവും വിക്ഷേപവും മായയുടെ രണ്ടു വ്യാപാരങ്ങളാണ്.

ബ്രഹ്മമേയുള്ളു എങ്കിൽ ജഗത്തെങ്ങനെ ഉണ്ടായി? ഉണ്ടായിട്ടില്ലെന്നാണ് ശങ്കരന്റെ വാദം. ഗൗഡപാദന്റെ 'അജാതവാദം' കടംവാങ്ങിയതാണിവിടെ. ജഗത്തില്ല. ഉണ്ട് എന്നത് അവിദ്യയ്ക്ക് അധീനരായ നമ്മുടെ തോന്നൽ മാത്രമാണ് അനേകം വിഷമപ്രശ്നങ്ങൾ തരണം ചെയ്യാൻ മായാവാദം ശങ്കരനെ സഹായിക്കുന്നു. "മായവാദം ശങ്കരപദ്ധതിയിലെ അന്തഃഛിദ്രങ്ങളെ മറയ്ക്കുന്ന മൂടുപടമായി ഉപകരിക്കുന്നു." (ഭാ. ദ. ii-P. 463) ബൗദ്ധരുടെ വിജ്ഞാനവാദമാണ് ശങ്കരന്റെ മായാവാദമെന്നും, ശങ്കരൻ പ്രച്ഛന്നബൗദ്ധനാണെന്നും വിജ്ഞാനഭിക്ഷു പറയുന്നു.

സൃഷ്ടിസ്ഥിതിസംഹാരകർത്താവായ ഈശ്വരന് അദ്വൈതത്തിൽ സ്ഥാനമില്ല. എന്നാൽ സഗുണബ്രഹ്മത്തെ ശങ്കരൻ ഈശ്വരനെന്നു വിളിക്കുന്നു. ഈശ്വരന് പൂർണ്ണതയില്ല. കാരണം. പൂർണ്ണനായ ഈശ്വരന് തന്റെ സംതൃപ്തിക്കുവേണ്ടി ജഗത്തിന്റെ ആവശ്യമില്ല. ആ ജഗത്ത് അദ്ദേഹത്തിന്റെ സുഖാനുഭവത്തിനുവേണ്ടിയുള്ളതാണെന്നു പറയുന്നപക്ഷം, ഈശ്വരൻ, ഈശ്വരനല്ലാതാകുന്നു; കേവലം ഒരു സംസാരിയായിത്തീരുന്നു. ഈശ്വരന് പൂർണ്ണതയുണ്ടെന്നു പറയുന്നപക്ഷം, നിരപേക്ഷബ്രഹ്മത്തോട് സഹവർത്തികാൻ സാദ്ധ്യമല്ല.

(ഭ. ദ. ii - 538)

"ബ്രഹ്മം പരിണമിച്ചതല്ല ജഗത്ത്. കാരണം, അപ്പോഠം അത് ബ്രഹ്മമല്ലാതാകും. പരിവർത്തിക്കുന്ന ജഗത്തിന് കാരണം ജഡപ്രകൃതിയുമാകാൻ വയ്യ. പ്രകൃതിയെ ഒരു നിരപേക്ഷപദാർത്ഥമെന്ന നിലയിൽ ബ്രഹ്മത്തോടൊപ്പം പ്രതിഷ്ഠിച്ചാൽ അദ്വിതീയമായ ബ്രഹ്മത്തെ പരിമിതപ്പെടുത്തുകയായിരിക്കും. എന്നാൽ ദ്വിതീയമായ ഒന്നിനെ സ്ഥാപിച്ചില്ലെങ്കിൽ ജഗത്തിന്റെ വിശദീകരണം വിഷമമാകും. ഇതിന് ഒരു സഗുണബ്രഹ്മത്തെ, അഥവാ പരിവർത്തിക്കുന്ന ബ്രഹ്മത്തെ സ്വീകരിക്കുന്നു. ആദിമമായ ഏകത്വം തന്നിൽനിന്നു ബഹിർഗമിക്കുകയും ആപേക്ഷികമായി തന്നിൽനിന്നു സ്വതന്ത്രമായ ഒരഭിവ്യക്തി ഉളവാക്കുകയും ചെയ്യുന്നു. നിരപേക്ഷബ്രഹ്മം അങ്ങനെ ഈശ്വരമൂർത്തിയായിത്തീരുന്നു. ശൂന്യമായ വിഷയനിഷ്ഠത, അഥവാ പ്രകൃതി, വിഷയിയായ ഈശ്വരന്റെ ശക്തിയാൽ സമ്പൂർണ്ണജഗത്തിനെയും വികസിപ്പിക്കുന്നു." (ഭാ. ദ. ii - P. 551)

സുഖദുഃഖങ്ങഠംക്ക് കാരണം ഈശ്വരന്റെ പക്ഷപാതിത്വമല്ല; കർമ്മവിധിയാണ്. ഈശ്വരൻ തന്നിഷ്ടപ്രകാരമല്ല, ഓരോ പ്രാണിയുടെയും പൂർവ്വജന്മാർജ്ജിതങ്ങളായ പുണ്യപാപ

ങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നതു്. ചെടി വളരുന്നതിന് മഴ സഹായിക്കുന്നു; പക്ഷേ, അത് എന്തായിത്തീരുമെന്ന് നിശ്ചയിക്കുന്നത് മഴയല്ല, വിത്തിന്റെ സ്വഭാവമാണ്. (ബ്ര. സൂ. ഭാ. 1_3_39)

അപ്പോൾ ആദിയിലോ? പുണ്യപാപങ്ങളില്ലാതെ ഒരാൾക്ക് ജീവിതത്തിലേയ്ക്കു് വരാൻ സാദ്ധ്യമല്ല; വ്യക്തിയില്ലാതെ പുണ്യപാപമുണ്ടാകാനും വയ്യ. അതുകൊണ്ട് ജഗത്തിന് ആദിയുണ്ടെന്ന സിദ്ധാന്തം സ്വീകരിക്കുമ്പോൾ ഇതരേതരാശ്രയത്വ ദോഷം വരുന്നു." (ബ്ര.സൂ. ii - 1 - 36) ജഗത്ത് അനാദിയാണ്. (ii-3-42)

പക്ഷേ സൃഷ്ടിയെപ്പററി മുകളിൽ നൽകിയ വീക്ഷണത്തോട്ട് ഇത് പൊരുത്തപ്പെടുന്നില്ല. വൈരുദ്ധ്യങ്ങൾ പലതുണ്ട് ഇനിയും. അദ്വൈതത്തിൽ, ബ്രഹ്മം അനിർവ്വചനീയമാണ്. അതിനെപ്പററി എന്തെങ്കിലും പറയുമ്പോൾ നാമതിനെ ഒരു വിശേഷവസ്തുവാക്കിത്തീർക്കുന്നു. 'സാന്ത'നായ മനുഷ്യന് ബ്രഹ്മത്തെ ഗ്രഹിക്കാൻ സാധിക്കുമെന്നു വന്നാൽ, ഒന്നുകിൽ നമ്മുടെ ജ്ഞാനം 'അനന്തം'; അല്ലെങ്കിൽ ബ്രഹ്മം 'സാന്തം.'

അതുപോലെ, നിർഗ്ഗുണബ്രഹ്മമെന്ന സങ്കല്പവും അസംബന്ധമാണ്. നിർഗ്ഗുണത്വമെന്ന ഗുണം അതിനുള്ളതുകൊണ്ട് അതു് സഗുണമാണ്; അല്ലെങ്കിലോ, അതു് നിർഗ്ഗുണമല്ലാതാകുകയും ചെയ്യും. അവിദ്യയുടെ വേരറുക്കുന്നതിന് ആത്മാവിന്റെ ഏകത്വത്തെക്കുറിച്ചുള്ള ജ്ഞാനമാണുപായമെന്ന് ഉദ്ബോധിപ്പിക്കുന്ന ശങ്കരൻ, അവിദ്യാഫലങ്ങളായ ഭേദഭാവങ്ങളെ, ഉച്ചനീചത്വങ്ങളെ എതിർക്കുന്നില്ല. വ്യാവഹാരികസത്യത്തിനും മേലെ പാരമാർത്ഥികസത്യത്തെ സ്ഥാപിക്കുന്ന ശങ്കരൻ, വർണ്ണാശ്രമാദികളുടെ വ്യാവഹാരികസത്യം അംഗീകരിച്ചുകൊണ്ട് ശൂദ്രന് ബ്രഹ്മജ്ഞാനം നിഷേധിച്ചു. വ്യാവഹാരികജീവിതത്തിൽ നിലനില്ക്കുന്ന എല്ലാ അസമത്വങ്ങൾക്കും തന്റെ ദർശനത്തിൽ സ്ഥാനം നല്കി.

## ഭേദാഭേദം:

ഭാസ്കരാചാര്യർ നിർഗ്ഗുണബ്രഹ്മസങ്കല്പത്തെയും മായാവാദത്തെയും വിമർശിച്ചു. ബ്രഹ്മം സഗുണമാണ്. അതുതന്നെ ഈശ്വരൻ. പ്രപഞ്ചം യഥാർത്ഥമാണ്. സഗുണബ്രഹ്മത്തിൻെറ പരിണാമമാണതു്. ജീവൻ ബ്രഹ്മത്തിൻെറ അംശമാണ്. അതു് മനസ്സ്, ഭൗതികപദാർത്ഥങ്ങാം എന്നീ ഉപാധികാംക്കു് വിധേയമാണ്. ഇവയും യഥാർത്ഥങ്ങാംതന്നെ; അവിദ്യയുടെ ഫലമല്ല.

എല്ലാററിൻെറയും കാരണമായ, അരൂപവും ശുദ്ധവുമായ ബ്രഹ്മത്തിൽനിന്നു് പരിണമിച്ചുണ്ടായവയാണ് നാമരൂപങ്ങളോടും നാനാത്വങ്ങളോടും കൂടിയ ജഗത്തും ജീവാത്മാക്കളും. ഉപാധികളുടെ പരിമിതികളാണ് ദുഃഖഹേതു. ജ്ഞാനകർമ്മസമുച്ചയത്താൽ ദുഃഖമോചനം നേടാം.

## യാതവപ്രകാശൻ:

ഉപാധികാം യഥാർത്ഥങ്ങളല്ലെന്നു് വാദിച്ചു. ബ്രഹ്മത്തിൽനിന്നു് പരിണമിച്ചുണ്ടാകുന്ന ജീവാത്മക്കളും പ്രാപഞ്ചിക പ്രതിഭാസങ്ങളും വ്യത്യസ്തങ്ങളായി നിലനിൽക്കുന്നുണ്ടെങ്കിലും അവ യഥാർത്ഥത്തിൽ ബ്രഹ്മത്തിൻെറ ഭാഗങ്ങളാണ്. ഒരേസമയം ഭേദവും അഭേദവും നിലനിൽക്കുന്നു. ഭേദത്തിനു കാരണം ഉപാധികളാണ്.

ഈ സിദ്ധാന്തത്തിൻെറ വികാസമാണ് രാമാനുജനിൽ കാണുന്നതു്.

## വിശിഷ്ടാദ്വൈതം:

വേദാന്തസൂത്രങ്ങാംക്കു് ശങ്കരൻ രചിച്ച ഭാഷ്യം രാമാനുജനു് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് വിശിഷ്ടാദ്വൈതം അവതരിപ്പിച്ചുകൊണ്ടു് ശ്രീഭാഷ്യം രചിച്ചു.

'തത്വം' ഏകമല്ല; തത്വത്രയമുണ്ട്: ഈശ്വരൻ, ചിത്ത് (ആത്മാവ്), അചിത്ത് (ദ്രവ്യം). ഈശ്വരൻ മാത്രമാണ് സ്വതന്ത്രൻ. ചിത്തും അചിത്തും നിത്യവും യഥാർത്ഥവുമാണെങ്കിലും അവ ഈശ്വരനെ ആശ്രയിച്ചുനിൽക്കുന്നു. ഈശ്വരനെ കൂടാതെ അവയ്ക്കു നിലനില്പില്ല. ദേഹിദേഹബന്ധംപോലെ. ചിത്തിൻെറയും അചിത്തിൻെറയും ആത്മാവാണ് ഈശ്വരൻ.

ഈശ്വരൻ (ബ്രഹ്മം) നിർഗ്ഗുണനല്ല. വിഷ്ണു, ലോകസ്രഷ്ടാവ്, സംരക്ഷകൻ, സംഹാരകൻ—എല്ലാമാണ് ഈശ്വരൻ.

അചിത്തിൻെറ പരിണാമത്താൽ പ്രപഞ്ചമുണ്ടായി. അചിത്ത് കാരണം, പ്രപഞ്ചം കാര്യവും. അചിത്ത് അവ്യക്തരൂപത്തിൽ ബ്രഹ്മത്തിൽ ഉണ്ടായിരുന്നു; കാരണാവസ്ഥയിലുള്ള ബ്രഹ്മം. സൃഷ്ടി ആരംഭമല്ല; ഈശരേച്ഛയാലുള്ള അചിത്തിൻെറ പരിണാമമാണ്. പ്രളയം വിനാശമല്ല, വ്യക്തപ്രപഞ്ചം അവ്യക്തത്വത്തിലേയ്ക്ക് തിരിച്ചുപോകുന്നതാണ്. പ്രളയാവസ്ഥയിൽ ആത്മാക്കാം ഈശ്വരനിൽ സ്ഥിതിചെയ്യുന്നു. സൃഷ്ടിയിൽ അവ കർമ്മത്തിനൊത്ത ശരീരം ധരിക്കും. കർമ്മബന്ധം അനാദിയാണ്. കർമ്മബന്ധം അവസാനിക്കുന്നതുവരെ ആത്മാവ് സംസാരചക്രത്തിൽപ്പെട്ട് കറങ്ങുന്നു. സംസാരചക്രത്തിന് അറുതി വരുന്നത് മുക്തിയിലാണ്.

ആത്മാവ് ശരീരമോ ഭൗതികലോകമോ അല്ലെന്നും, ഈശ്വരൻെറ അംശമാണെന്നും ഉള്ള ജ്ഞാനമുദിച്ചാൽ മാത്രമേ സംസാരദുഃഖത്തിൽനിന്ന് മോചനമുള്ളു. മോക്ഷമെന്നാൽ ഈശ്വരനുമായുള്ള സാമ്യം മാത്രം; സാരൂപ്യമോ, താദാത്മ്യമോ അല്ല.

കർമ്മവും ഭക്തിയുമാണ് ജ്ഞാനത്തിൻെറ ഉപാധികാം. ഭക്തിക്കാണ് ഒന്നാംസ്ഥാനം. നിരന്തരമായ ഈശ്വരധ്യാനമാണ് ഭക്തിയുടെ അടിസ്ഥാനം. കർമ്മവുംവേണം. നിഷ്കാ

മകർമ്മമായിരിക്കണം. നിത്യനൈമിത്തിക കർമ്മങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ജാതിധർമ്മങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കർമ്മാനുഷ്ഠാനങ്ങളും വേണം; വേദപാഠവും. ഇങ്ങനെ പൂജയും നാമജപവുമായാൽ മോക്ഷത്തിലെത്താം.

ജീവാത്മാവ് പരമാത്മാവിന്റെ അംശമാണെങ്കിൽ അയിത്തത്തിനെന്ത് യുക്തിയുണ്ട്? വൈഷ്ണവന്മാർ അയിത്തം ആചരിച്ചിരുന്നു. പിന്നീട് ഭക്തിപ്രസ്ഥാനത്തിന് അടിത്തറപാകി. അത് ജാതിമതഭേദത്തിനെതിരായ പ്രസ്ഥാനമായിത്തീർന്നു.

## ദ്വൈതം:

മധ്വന്റെ അഭിപ്രായത്തിൽ ജഗത്ത് മിഥ്യയല്ല. ജീവാത്മാവും പരമാത്മാവും ഒന്നല്ല; രണ്ടാണ്. ഒന്നാണെങ്കിൽ പിന്നെ ബ്രഹ്മത്തെ അറിയാൻ ശ്രമിക്കുന്നതെന്തിന്? കാരണം, ഇങ്ങനെ ശ്രമിക്കുന്നവർ സ്വയം ബ്രഹ്മമാണല്ലോ! ജ്ഞാനത്തിന് വിഷയവും വിഷയിയും വേണം. വിഷയവിഷയിബന്ധത്തിൽ നിന്നാണ് ജ്ഞാനോല്പത്തി. വിഷയവിഷയികൾ ഒന്നാണെങ്കിൽ പിന്നെ ജ്ഞാനമില്ല. ജ്ഞാനമില്ലെങ്കിൽ, "അഥാതോ ബ്രഹ്മജിജ്ഞാസാ" എന്ന സൂത്രം നിരർത്ഥകമാകും.

മനുഷ്യൻ ദുഃഖിതനാകുന്നതു് അവിദ്യയുടെ ഫലമെന്ന് ശങ്കരൻ. ആരുടെ അവിദ്യ? ജീവാത്മാവിന്റെയോ ബ്രഹ്മത്തിന്റെയോ? മനുഷ്യന്റെ അവിദ്യ ബ്രഹ്മത്തിന്റെയും അവിദ്യയാണല്ലോ. കാരണം രണ്ടും ഒന്നല്ലേ?

ബ്രഹ്മം കേവലവും സ്വതന്ത്രവും ആയ യാഥാർത്ഥ്യമാണ്; ജീവൻ ബ്രഹ്മത്തെ ആശ്രയിച്ചു നിൽക്കുന്ന യാഥാർത്ഥ്യവും. ബ്രഹ്മം സഗുണമാണ്. നിർഗ്ഗുണത്വമെന്ന ഗുണമുണ്ടോ?

ലോകത്തിന് സ്ഥലകാലാധിഷ്ഠിതമായ നിലനിൽപാണുള്ളത്. ഭൗതികവസ്തുക്കൾ പ്രകൃതിയിൽനിന്നു് പരിണമിച്ചുണ്ടായി; മനുഷ്യശരീരവും. ഈശ്വരനാണ് മൂലകാരണം. ഈശ്വരൻ നിത്യവും അചേതനവുമായ പ്രകൃതിയിൽനിന്നു് സൃഷ്ടിക്കുന്നു. ഈശ്വരൻ നിമിത്തകാരണവും, പ്രകൃതി ഉപാദാനകാരണവുമാണ്. സൃഷ്ടികർത്താവായ ഈശ്വരൻ പരമാത്മാവ്, വിഷ്ണു, ഹരി, ഭഗവാൻ എന്നെല്ലാം അറിയപ്പെടുന്നു. ഈശ്വരൻ സ്വതന്ത്രയാഥാർത്ഥ്യവും പ്രകൃതിയും ആത്മാവും പരതന്ത്രയാഥാർത്ഥ്യവുമാണ്.

പൂർവ്വകർമ്മഫലമായി ശരീരം, ഇന്ദ്രിയങ്ങൾ, മനസ്സ് മുതലായവയുമായി ബന്ധപ്പെടുന്നതുകൊണ്ടാണ് ജീവാത്മാവിന് ദുഃഖമുണ്ടാകുന്നതു്. സംസാരദുഃഖബന്ധനത്തിൽനിന്നുള്ള മോചനം ഈശ്വരകൃപയെ ആശ്രയിച്ചിരിക്കുന്നു. ഭക്തിയാണ് മുക്തിമാർഗ്ഗം. പരമാത്മാവിൻെറ അടിമയാണ് താൻ എന്ന ബോധത്തോടെ പരമാത്മാവിനെ സ്നേഹിക്കുന്നതാണ് ഭക്തി.

ശങ്കരാനുയായികൾ കെട്ടിച്ചമച്ച ശങ്കരവിജയങ്ങളുടെ മട്ടിൽ മധ്വവിജയങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. ഒരു മധ്വവിജയകഥ താഴെ സംക്ഷേപിക്കുന്നു: ഭീമൻ വധിച്ച മണിമത്ത് എന്ന രാക്ഷസൻ അടുത്ത ജന്മത്തിൽ ഒരു വിധവയുടെ ജാരസന്തതിയായി ജനിച്ചു. അതിനാൽ അയാൾ സങ്കരൻ എന്നു വിളിക്കപ്പെട്ടു. അയാൾ ശൂന്യമാർഗ്ഗം (നിർഗ്ഗുണത്വം) എന്ന സിദ്ധാന്തം സൃഷ്ടിച്ചു. അസുരന്മാർ സങ്കരനെ കൊണ്ടാടി. അയാൾ ബുദ്ധമതത്തിൽ ചേർന്നു. വേദാന്തത്തിൻെറ മറവിൽ ബൗദ്ധസിദ്ധാന്തം പഠിപ്പിച്ചു. ഒടുവിൽ വായുദേവൻ മധ്വനായി അവതരിച്ച് കള്ളനായ സങ്കരൻെറ ദർശനത്തെ നശിപ്പിച്ചു.

## ബൗദ്ധദർശനം:

പ്രപഞ്ചോൽപത്തിയെപ്പററിയും മററും ചിന്തിക്കുന്നതിൽ ബുദ്ധൻ ഉദാസീനനായിരുന്നു. വസ്തുക്കളുടെ ആദ്യന്തങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് പാഴ്‌വേലയാണെന്നു് ബുദ്ധൻ ഉപദേശിച്ചു. ദുഃഖം, ദുഃഖനിരോധം — ഈ കാര്യങ്ങളിൽ മാത്രമേ തനിക്കു് താൽപര്യമുള്ളു എന്നു് അദ്ദേഹം പറഞ്ഞു.

ആര്യസത്യങ്ങൾ നാലാണ്! ദുഃഖം, സമുദായം, നിരുദ്ധം, മാർഗ്ഗം. ദുഃഖം യാഥാർത്ഥ്യമാണ്. ജനനം, വാർദ്ധക്യം, രോഗം, മരണം, ഇഷ്ടമില്ലാത്തവയുമായുള്ള ബന്ധം, ഇഷ്ടമുള്ളവയിൽനിന്നുള്ള വേർപാട്, ആഗ്രഹിക്കുന്നത് ലഭിക്കാതിരിക്കൽ—ഇവയെല്ലാം ദുഃഖമാണ്. തൃഷ്ണയാണ് ദുഃഖകാരണം. തൃഷ്ണ നിരോധിച്ചാൽ ദുഃഖമോചനമായി. തൃഷ്ണാനിരോധനമാർഗ്ഗം എട്ടെണ്ണമാണ്, അഷ്ടമാർഗ്ഗങ്ങൾ: സമ്യഗ്ദൃഷ്ടി, സമ്യഗ്സങ്കല്പം, സമ്യഗ്‌വാക്യം, സമ്യഗ്കർമ്മം, സമ്യഗ്ജീവിതം, സമ്യഗ്‌യത്നം, സമ്യഗ്‌വിചാരം, സമ്യഗ്സമാധി.

പ്രതീത്യസമുല്പാദം (ആശ്രിതോൽപത്തി സിദ്ധാന്തം) ആണ് പ്രധാന സിദ്ധാന്തം. എല്ലാം ഹേതുഭൂതകമാണ്. എല്ലാം കാര്യകാരണബന്ധങ്ങൾക്ക് വിധേയമാണ്. കാരണത്തിന്റെ നാശത്തിൽനിന്നു് കാര്യമുണ്ടാകുന്നു. ആ കാര്യം മറെറാന്നിന്റെ കാരണമായിത്തീരുന്നു. വിത്തിന്റെ നാശത്തിൽനിന്നു് മരമുണ്ടാകുന്നു. കാര്യകാരണബന്ധങ്ങളുടെ ഒരു വിച്ഛിന്ന പ്രവാഹമാണെങ്ങും. കാരണ —> കാര്യം (കാരണം) —> കാര്യം (കാരണം) ........ എല്ലാം അനിത്യം അസ്ഥിരം, നശ്വരം.

ആത്മാവില്ല. നിത്യവും ശാശ്വതവുമായ ഒരാത്മാവിനെപ്പററിയുള്ള സങ്കൽപം മൂഢന്മാരുടേതാണ്. (മദ്ധ്യമനികായം. അലഗദ്ദൂപമസുത്തം) കർമ്മഫലം അവൻതന്നെ അനുഭവിക്കണം.

സംസാരചക്രത്തിൽനിന്നുള്ള മോചനമാണ് നിർവ്വാണം. പുനർജ്ജന്മമുണ്ട്. ഒരുവൻെറ കർമ്മം അവനിൽ ഉണ്ടാക്കുന്ന സ്വഭാവം മറെറാരു ജീവിതത്തിലേക്ക് പകരുന്നു.

ഈശ്വരനില്ല; പ്രാർത്ഥന നിഷ്പ്രയോജനമാണ്. പ്രാർത്ഥന നടത്തുന്ന വാശിഷ്ഠൻ എന്ന ബ്രാഹ്മണനോട്ട് ബുദ്ധൻ പറഞ്ഞു: ദേവന്മാരെ പ്രാർത്ഥിക്കുന്നതു്, പുഴകടക്കാൻ ആഗ്രഹിക്കുന്നവർ മറുകരയോട്, 'അല്ലയോ അക്കരെ, ഇക്കരെയ്ക്കു് വരിക' എന്നു പറയുന്നതുപോലെ നിഷ്പ്രയോജനമാണു്". (ദീർഘനികായം. തേജജീവസുത്തം.)

"ലോകം ഈശ്വരസൃഷ്ടിയെങ്കിൽ, പരിവർത്തനം, നാശം ഇവ ഉണ്ടാകുമായിരുന്നില്ല. സുഖദുഃഖാദികളുമുണ്ടാകുമായിരുന്നില്ല. സചേതന പ്രാണികളിൽ കാണുന്ന ദുഃഖം, ആനന്ദം, പ്രേമം, വിദ്വേഷം ഇവ ഈശ്വരപ്രവർത്തനമാണെങ്കിൽ, ഈശ്വരനും ഈ വികാരങ്ങൾ അനുഭവപ്പെടണം. ആ ഈശ്വരൻ പരിപൂർണ്ണനാകയില്ല. സൃഷ്ടിക്ക് ഉദ്ദേശമുണ്ടെങ്കിൽ ഈശ്വരൻ പരിപൂർണ്ണനല്ല. കാരണം, ഉദ്ദേശം അഭാവത്തിൻെറ പൂർത്തീകരണമാണു്. ഉദ്ദേശമില്ലെങ്കിൽ ഈശ്വരൻ പിഞ്ചുപൈതലായിരിക്കണം. ഈശ്വരൻ സ്രഷ്ടാവാണെങ്കിൽ അദ്ദേഹത്തെ പ്രാർത്ഥിക്കുന്നതെന്തിനു്? ഇപ്രകാരം യുക്തിസഹജങ്ങളായ കാരണങ്ങളാൽ ഈശ്വര സങ്കല്പം മിഥ്യയാണു്". (ബുദ്ധചരിതം.)

ബുദ്ധൻ ഒന്നിനും പ്രമാണികത്വം കല്പിച്ചില്ല. "കേട്ടതൊക്കെ വിശ്വസിക്കരുതു്. പാരമ്പര്യങ്ങളിൽ വിശ്വാസമർപ്പിക്കരുതു്. പണ്ടു് ഒരു ഋഷി എഴുതിവെച്ചതാണെന്നതുകൊണ്ടു് മാത്രം ഒരു പ്രസ്താവനയിൽ വിശ്വസിക്കരുതു്. ഗുരുവിൻെറ ആധികാരികതയുടെ അടിസ്ഥാനത്തിൽ മാത്രം ഒന്നും വിശ്വസിക്കരുതു്. നിരീക്ഷണത്തിനും വിശകലനത്തിനും ശേഷം, യുക്തിക്കുയോജിച്ചതാണെങ്കിൽ, എല്ലാവരുടെ നന്മയ്ക്കും ഉൽക്കർഷ

ത്തിനും ഉതകുന്നതാണെങ്കിൽ അതു് സ്വീകരിക്കുകയും അതനുസരിച്ചു് ജീവിക്കുകയും ചെയ്യുക". (അംഗുത്തരനികായം. കമലസൂത്തം. 1-189)

അജിതകേശകംബളി, നിഗന്ഥ്നാതപുത്തൻ, സഞ്ജയ ബേലത്തിപുത്തൻ, പൂരണകാസ്സപൻ, പകുധകാച്ചായനൻ, മഖലി ഗോസാലൻ എന്നിവരെപ്പററി ചില ബൗദ്ധസാഹിത്യങ്ങളിൽ പറയുന്നു. ഭൗതികവാദികളാണിവരെല്ലാം.

നാഗാർജ്ജുനൻ, ദിങ്ങ്നാഗൻ, ധർമ്മകീർത്തി, ധർമ്മോത്തരൻ തുടങ്ങിയവർ ബൗദ്ധദാർശനികന്മാരിൽ പ്രമുഖരാണു്.

## ജൈനദർശനം:

പ്രപഞ്ചയാഥാർത്ഥ്യങ്ങൾ രണ്ടുവിധം: ജീവം, അജീവം. രണ്ടും ശാശ്വതം; സൃഷ്ടങ്ങളല്ല. അജീവങ്ങളുമായി ബന്ധപ്പെട്ടു് ജീവൻ നിലനില്ക്കുന്നു. ഭൗതികപദാർത്ഥത്തിൻെറ (പുദ്ഗലം) പരമാണുക്കൾ ചേർന്നു് ചതുർഭൂതങ്ങളുണ്ടാകുന്നു. ഇന്ദ്രിയവും മനസ്സും എല്ലാം പരമാണുക്കളുടെ സംയോഗങ്ങൾ. ഓരോ വസ്തുവിനും അനന്തമായ സ്വഭാവ വിശേഷങ്ങളുണ്ടു്. (അനേകാന്തവാദം) കേവലമായ നിഷേധവും കേവലമായ സ്ഥിരീകരണവും രണ്ടും തെററാണു്. ജ്ഞാനത്തിൻെറ ഈ ആപേക്ഷികതയെ 'സ്യാദ്വാദ'മെന്നു് പറയുന്നു.

സൃഷ്ടിക്കോ സംഹാരത്തിനോ ഈശ്വരൻ ആവശ്യമില്ല. ദ്രവ്യങ്ങൾ അവയുടെ പരസ്പരക്രിയകൾകൊണ്ടു് പുതിയ ഗുണസമൂഹത്തെ ഉൽപാദിപ്പിക്കുന്നു. നിർവ്വാണം ആത്മനാശമല്ല, പരമാനന്ദപ്രവേശനമാണു്. ശരീരത്തിൽനിന്നുള്ള മോചനമാണതു്. വേദപ്രാമാണ്യവും യജ്ഞാദികളും ചോദ്യം ചെയ്യപ്പെട്ടു.

## ചാർവാകദർശനം:

"ബാർഹസ്പത്യസ്തു നാസ്തിക" (ഹേമചന്ദ്രൻ—അഭിധാന ചിന്താമണി) "ലോകായത പ്രവർത്തകസ്യ ചാർവാകസ്യ" (സർവ്വമതസംഗ്രഹം), "ബൃഹസ്പതി മതാനുസാരിണാ നാസ്തികശിരോമണിനാ ചാർവാകേണ" (സർവ്വദർശനസംഗ്രഹം) ഇത്യാദി പരാമർശനങ്ങളിൽനിന്നും ലോകായതം, ബാർഹസ്പത്യം, ചാർവാകം എന്നീ പേരുകളിൽ അറിയപ്പെടുന്നതു് ഒരേ ദർശനമാണെന്നു് സ്പഷ്ടമാണ്. 'ചാരു' എന്ന പദം 'ബൃഹസ്പതി'യുടെ പര്യായമാണ് ശബ്ദാർത്ഥതത്തകൗസ്തുഭത്തിൽ.

ആരാണ് ഈ ബൃഹസ്പതി? ഋഗ്വേദത്തിൽ രണ്ടു ബൃഹസ്പതിമാരുണ്ടു്: അംഗിരസബൃഹസ്പതിയും ലൗകൃബൃഹസ്പതിയും. ഇതിൽ, ലൗകൃബൃഹസ്പതിയായിരിക്കണം ലോകായതാചാര്യൻ. "അസതഃ സദജായത" ('അസത്തി'ൽനിന്നു് 'സത്ത്' ഉണ്ടായി— ഋ. 10-72-2) എന്നാണ് ലൗകൃബൃഹസ്പതിയുടെ സിദ്ധാന്തം. ഇതാണല്ലോ ലോകായതത്തിന്റെ ആധാരശിലയും.

ചാർവാകദർശനം ഇന്നു് സ്വതന്ത്രരൂപത്തിൽ ലഭ്യമല്ല. പൂർവ്വപക്ഷമെന്ന നിലയിൽ, ആത്മീയാചാര്യന്മാർ ഖണ്ഡിക്കുന്നതിനായി മാത്രം ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളെ അവലംബമാക്കി വേണം ഈ ദർശനത്തിന്റെ സ്വരൂപം ഗ്രഹിക്കുക. പല കൃതികളിലും ചിതറിക്കിടക്കുന്ന ബാർഹസ്പത്യസൂത്രങ്ങൾ, ബാർഹസ്പത്യ അർത്ഥശാസ്ത്രം, സർവ്വദർശനസംഗ്രഹം, സർവ്വസിദ്ധാന്തസംഗ്രഹം, ഷഡ്ദർശനസമുച്ചയം തുടങ്ങിയ കൃതികളിൽ നൽകിയിട്ടുള്ള വിവരണങ്ങൾ—ഇവ ആധാരമാക്കി പ്രധാന സിദ്ധാന്തങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

"പൃഥ്വ്യപ്തേജോ വായരിതിതത്വാനി, തത്സമുദായേ ശരീരേന്ദ്രിയ വിഷയസംജ്ഞാ." "തേഭ്യശ്ചൈതന്യം." (പൃഥ്വി, ജലം, തേജസ് വായു എന്നിവയാണ് മൂലധാതുക്കൾ. ഇവയുടെ സംയോഗത്താൽ ശരീരവും ഇന്ദ്രിയങ്ങളുമുണ്ടായി. ഇവയിൽനിന്നു് ചൈതന്യവും ഉണ്ടായി.) "ശരീരേന്ദ്രിയ സംഘാത ഏവചേതഃ ക്ഷേത്രജ്ഞഃ." (ശരീരേന്ദ്രിയ സംഘാതമായ ചേതനതന്നെ ആത്മാവ്.) "പ്രാണ ഏവ ആത്മ." (പ്രാണൻതന്നെ ആത്മാവ്.) ചതുർഭൂതങ്ങളും ജഡമാണു്. ഈ ജഢതത്വങ്ങളുടെ സംയോഗത്തിൽനിന്നു് ചൈതന്യം ആവിർഭവിക്കുന്നു. മാദകവസ്തുക്കളിൽനിന്നു് മാദകതപോലെ; വെററില, അടയ്ക്ക, ചുണ്ണാമ്പ് എന്നിവയുടെ യോഗത്തിൽനിന്നു് ചുവപ്പുനിറംപോലെ.

പ്രത്യക്ഷപ്രമാണമേയുള്ളു; അനുമാനം പ്രമാണമല്ല. എന്നാൽ ലോകപ്രസിദ്ധമായ അനുമാനം ലോകായതം അംഗീകരിക്കുന്നു. നേരത്തെ അറിവുള്ള കാര്യങ്ങളെപ്പററിയുള്ള അനുമാനം (ഉൽപ്പന്നപ്രതീതി) അംഗീകരിച്ചിട്ടുണ്ടു്.

ഈ അടിസ്ഥാനതത്വങ്ങളെ ആധാരമാക്കി സാമൂഹ്യാചാരാനുഷ്ഠാനങ്ങളെ പരിശോധിക്കുന്നു. "നാസ്തിപരലോകഃ" "മരണമേവാ/പവർഗ്ഗ." (പരലോകമില്ല; മരണംതന്നെ മോക്ഷം) പരലോകി (പരലോകത്തിൽ പോകേണ്ടവൻ—ആത്മാവു്) ഇല്ല; അതുകൊണ്ടു് പരലോകമില്ല.

"നസ്വർഗ്ഗോനാ/പവർഗ്ഗോവാനൈവവാത്മപാരലൗകികഃ
നൈവവർണാശ്രമാദീനാംക്രിയാശ്ചഫലദായികാഃ".

(സ്വർഗ്ഗമോ, മോക്ഷമോ, ആത്മാവോ പരലോകമോ ഇല്ല. വർണാശ്രമാദിക്രിയകൾക്കു് ഫലവുമില്ല.) അതുകൊണ്ടു് അർത്ഥഹീനമായ അനുഷ്ഠാനങ്ങൾ വിധിച്ചവർ എന്തെങ്കിലും സ്വാർത്ഥം കണ്ടിരിക്കണം:

"അഗ്നിഹോത്രം ത്രയോവേദാസ്ത്രിദണ്ഡം ഭസ്മഗുണ്ഠനം
ബുദ്ധിപൗരുഷഹീനാനാം ജീവികേതിബൃഹസ്പതി."

(അഗ്നിഹോത്രം, മൂന്നു വേദങ്ങൾ, ത്രിദണ്ഡം, ഭസ്മധാരണം— ഇവ ബുദ്ധിയും പൗരുഷവുമില്ലാത്തവരുടെ ഉപജീവനത്തിനുള്ളതാണ്.)

യജ്ഞത്തിലെ പശുബലിയും മററു കത്സിതാചാരങ്ങളും വിമർശിക്കപ്പെട്ടു. യജ്ഞത്തിൽ കൊല്ലപ്പെടുന്ന പശു സ്വർഗ്ഗം പ്രാപിക്കുമെങ്കിൽ, യജ്ഞകർത്താവു് സ്വപിതാവിനെ ബലി കൊടുക്കാത്തതെന്തു്? യജ്ഞം വേദവിധിയാണെങ്കിൽ, ആ വേദകർത്താക്കൾ ധൂർത്തരും ഭണ്ഡന്മാരും രാക്ഷസന്മാരുമാണ്. ജർഭരി, തുർഫരി എന്നെല്ലാം മന്ത്രം ജപിക്കുക, യജമാനപത്നി യജ്ഞാശ്വത്തിന്റെ ലിംഗം പിടിക്കുക, ബലിമൃഗത്തിന്റെ മാംസം ഭക്ഷിക്കുക—എന്നൊക്കെ മററാരു വിധിക്കും? "അഹിംസാപരമോധർമ്മഃ പാപമാത്മപ്രപീഡനം" എന്നാണ് ചാർവാകരുടെ പ്രഖ്യാപനം. (ചിരഞ്ജീവി ഭട്ടാചാര്യ വിദഗ്ദ്ധമോദതരംഗിണി.)

തങ്ങളുടെ ദർശനത്തിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ സമൂഹം കെട്ടിപ്പടുക്കുന്നതിനാവശ്യമായ സാമ്പത്തിക ശാസ്ത്രത്തിനും ധർമ്മസംഹിതയ്ക്കും കൂടി ചാർവാകർ രൂപം നൽകിയിരുന്നു എന്നു തോന്നുന്നു. ഇതുവരെ പരാമർശിച്ച മററൊരു ദാർശനിക പദ്ധതിക്കുമില്ലാത്ത ഒരു പ്രത്യേകതയാണിതു്. ബാർഹസ്പത്യ അർത്ഥശാസ്ത്രത്തെപ്പററി ഭാസനും (പ്രതിമാനാടകം), വാത്സ്യായനനും (കാമസൂത്രം) പരാമർശിച്ചിട്ടുണ്ടു്. സകല വിദ്യകളുടേയും വിളക്കും സർവ്വ കർമ്മങ്ങളുടെയും ഉപായവും, സർവ്വ ധർമ്മങ്ങളുടെയും ആശ്രയവും എന്നാണ് ചാണക്യൻ ലോകായതത്തെ പ്രശംസിച്ചതു്. (അർത്ഥശാസ്ത്രം. 1-2) ബാർഹസ്പത്യ ധർമ്മശാസ്ത്രം അഥവാ ബൃഹസ്പതിസ്മൃതിയുടെ സമീപനമിതായിരുന്നു:

"കേവലം ശാസ്ത്രമാശ്രിത്യനൈവകാര്യാവിചാരണാ
യുക്തിഹീനവിചാരേതു ധർമ്മഹാനി പ്രജായതേ!"

(കേവലം ശാസ്ത്രത്തെ ആശ്രയിച്ച് ഒരു കാര്യവിചാരവും അരുത്. യുക്തിഹീനമായ വിചാരത്തിൽനിന്ന് ധർമ്മഹാനി സംഭവിക്കുന്നു.)

പുരന്ദരൻ എന്ന ലോകായതാചാര്യന്റെ ചില സൂത്രങ്ങൾ ചിലർ ഉദ്ധരിച്ചിട്ടുണ്ട്. കംബലാശ്വതരനെന്ന സൂത്രകാരനെപ്പററിയും പരാമർശനമുണ്ട്. 'ഭാഗുരി' എന്ന പേരിൽ ലോകായതത്തിന് ഒരു വ്യാഖ്യാനമുണ്ടായിരുന്നു. (പതഞ്ജലി-വ്യാകരണമഹാഭാഷ്യം. 7-3-45) 'ഭാഗുരി' എന്ന ആളായിരിക്കണം ഇതിന്റെ കർത്താവ്. ലോകായത പ്രവചനഭാഷ്യത്തെപ്പററി വിദ്യാവദാനമെന്ന ബൗദ്ധഗ്രന്ഥത്തിലും പറഞ്ഞിട്ടുണ്ട്.

മഹാഭാരതത്തിലും രാമായണത്തിലും ചാർവാകനെപ്പററി പറയുന്നുണ്ട്. പാണ്ഡവന്മാർ നടത്തിയ കൂട്ടക്കൊലക്കെതിരെ സംസാരിച്ചതിന്റെ പേരിൽ, ദുര്യോധനസുഹൃത്തായ രാക്ഷസനെന്ന് മുദ്രകുത്തി ബ്രാഹ്മണരാൽ ദഹിപ്പിക്കപ്പെട്ട ഒരു ചാർവാകനെക്കുറിച്ചാണ് മഹാഭാരതത്തിൽ പറയുന്നത്. (അനുശാസന പർവ്വം. അധ്യാ.38.)

ചാർവാകദർശനത്തിന്റെ സ്വാധീനം അവഗണിക്കത്തക്കതല്ല. "ഭൗതികവാദം അധികാരപ്രാമാണ്യത്തിന്റെ സിദ്ധാന്തത്തെ നിരാകരിച്ച് വ്യക്തിയുടെ ധാർമ്മികസ്വാതന്ത്ര്യത്തിന്റെ മഹത്വത്തെ വിളംബരം ചെയ്തു. ജനങ്ങൾ മുൻ ധാരണകളിൽനിന്നും മതപരമായ അന്ധവിശ്വാസങ്ങളിൽനിന്നും സ്വതന്ത്രരായി ചിന്തിക്കാൻ തുടങ്ങുമ്പോൾ, അവർ സഹജമായി ഭൗതികവാദസിദ്ധാന്തത്തിലേയ്ക്ക് ചായുന്നു." (ഭാ. ദ. i-258) "ചാർവാകദർശനം ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് നൽകിയ സംഭാവന വളരെ മഹത്തരമാണ്."

ഭാരതീയ ദർശനങ്ങൾ എത്രത്തോളം ഈശ്വരവാദപരമാണു്? "ഭാരതീയ ദർശനങ്ങളുടെ സവിശേഷതതന്നെ ആത്മീയതയാണെ"ന്ന പ്രഖ്യാപനത്തോടെ ആരംഭിച്ച ദർശനചരിത്രത്തിൽ ഡോ. രാധാകൃഷ്ണനു് മറിച്ചുള്ള തെളിവാണു് ലഭിച്ചതു്. ഷഡ്ദർശനങ്ങളിൽ ഒന്നുപോലും അതിന്റെ പൂർവ്വരൂപത്തിൽ ഈശ്വരനെ അംഗീകരിച്ചിട്ടില്ല എന്ന അത്ഭുതകരമായ യാഥാർത്ഥ്യം അദ്ദേഹം സമ്മതിക്കുന്നു! നോക്കുക:

1. വൈശേഷിക ദർശനം ഈശ്വരനെപ്പററി ഒന്നും പറയുന്നില്ല. ഭാ. ദ. ii-P. 217.

2. ന്യായദർശനത്തിൽ ഈശ്വരനു് സ്ഥാനമില്ല. പ്രാചീന ന്യായസിദ്ധാന്തം ഈശ്വരവാദത്തെ ഉൾക്കൊണ്ടിരുന്നില്ല. P. 307.

3. സാംഖ്യം ഈശ്വരവാദത്തെ അനുകൂലിക്കുന്നില്ല. P. 307.

4. യോഗം സ്രഷ്ടാവും സംരക്ഷകനുമായ ഒരീശ്വരനെ അംഗീകരിക്കുന്നില്ല. P. (361)

5. പൂർവ്വമീമാംസയിൽ നവീന ലേഖകന്മാർ ഈശ്വരനെ ഒളിച്ചുകടത്തി. (417) പൂർവ്വമീമാംസയിൽ ഈശ്വരനില്ല. P (427)

6. വേദാന്തത്തിലെ 'ബ്രഹ്മം' ഈശ്വരനാണെന്നു് അംഗീകരിക്കാൻ സാദ്ധ്യമല്ലല്ലോ.

ഷഡ്ദർശനങ്ങളും ഈശ്വരനെ നിരാകരിക്കുന്നു. അഥവാ ഈശ്വരന്റെ കാര്യത്തിൽ ഉദാസീനമാണ് എന്നാണു് ഡോ. രാധാകൃഷ്ണൻ സമ്മതിക്കുന്നതു്. എന്നാൽ അവ ആറും ആസ്തികദർശനങ്ങളെന്ന നിലയിൽ മാനിക്കപ്പെടുന്നു. അവ വേദപ്രാമാണ്യം അംഗീകരിക്കുന്നു എന്നു സാരം. പക്ഷേ, ഈ അംഗീ

കാരത്തിൻെറ യാഥാർത്ഥ്യമെന്താണ്? തങ്ങളുടെ വാദങ്ങൾക്ക് ഉപോൽബലകമായ പ്രമാണങ്ങൾ വേദങ്ങളിൽനിന്ന് ഉദ്ധരിക്കുകയാണോ അവർചെയ്തതു്? അഥവാ, വേദസമ്മതിയുള്ളതാണ് തങ്ങളുടെ സിദ്ധാന്തങ്ങൾ എന്നു പ്രഖ്യാപിച്ചുകൊണ്ട് വേദവചനങ്ങളെ സ്വതന്ത്രമായി വ്യാഖ്യാനിക്കുകയാണോ? വേദനിഷേധം സാഹസമായിരിക്കുമെന്നു് കണ്ട ആചാര്യന്മാർ വേദാനുകൂലികളെന്നു് ഭാവിച്ചു. എന്നിട്ട് പറഞ്ഞതു മിക്കതും വേദവിരുദ്ധങ്ങളായ കാര്യങ്ങളായിരുന്നു.

ഈ സാമർത്ഥ്യപ്രകടനത്തിനു് സ്പഷ്ടമായ ഉദാഹരണം ന്യായദർശനത്തിൽ കാണാം. ന്യായം, വേദപ്രാമാണ്യം അംഗീകരിക്കുന്നതായി ഭാവിക്കുന്നു. വേദനിഷേധികളെ ഖണ്ഡിക്കാൻ മുതിരുകയും ചെയ്യുന്നു. വേദപ്രാമാണ്യം നിഷേധിക്കുന്നവർ പറയുന്ന കാര്യങ്ങൾ പൂർവ്വപക്ഷമായി എടുത്തുകാട്ടുന്നു. അനർത്ഥം, വ്യാഘാതം, പുനരുക്തി — ഈ മൂന്നുമാണ് എതിരാളികൾ വേദനിഷേധത്തിനു് പറയുന്ന കാരണങ്ങൾ. 'വേദത്തിൽ തെററുണ്ട് എന്നതാണ് 'അനർത്ഥം.' വേദത്തിൽ സ്വയം ഖണ്ഡനമുണ്ട് എന്നതു് 'വ്യാഘാതം' ആവർത്തനമുണ്ട് എന്നതു് 'പുനരുക്തി.' ഈ പൂർവ്വപക്ഷത്തിനു് ആചാര്യൻെറ മറുപടി ഇങ്ങനെയാണ്: പുത്രലാഭം ഇച്ഛിക്കുന്നവൻ പുത്രകാമേഷ്ടി അനുഷ്ഠിക്കണമെന്നു് വേദത്തിൽ വിധിച്ചിട്ടുണ്ട്. എന്നാൽ പുത്രകാമേഷ്ടി അനുഷ്ഠിച്ചിട്ടും പുത്രലാഭമുണ്ടാകുന്നില്ലെങ്കിൽ അതു് വേദവചനം തെററാണെന്നതിനു് തെളിവാകുകയില്ല. ഫലത്തിൻെറ അലബ്ധിക്കു കാരണം യജ്ഞാനുഷ്ഠാനം, യജ്ഞകർത്താവ്, ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ ഇവയിൽ ഏതിൻെറയെങ്കിലും ന്യൂനതയാകാം. അല്ലാതെ, വേദവചനത്തിൽ അനർത്ഥം ആരോപിക്കാൻ പാടില്ല.

ഈ വാദത്തിനു് ന്യായസൂത്രഭാഷ്യകാരനായ വാത്സ്യായ

നൻ നല്കുന്ന വിശദീകരണമാണ് നമ്മെ സംബന്ധിച്ചേടത്തോളം പ്രസക്തമായതു്.

"പുത്രകാമേഷ്ടി അനുഷ്ഠിച്ചിട്ടും ചിലർക്കു് ഫലമുണ്ടാകാതിരിക്കാൻ കാരണം അനുഷ്ഠാനമാർഗ്ഗത്തിന്റെ അപൂർണ്ണതയാണ്. ഇണചേരുന്ന മാതാപിതാക്കൾക്കു് യജ്ഞത്തിലൂടെ സന്തതി ലഭിക്കുന്നു. യജ്ഞത്തിനുവേണ്ടി ഉപയോഗിക്കുന്ന ഉപാധികൾ അതിന്റെ അനുഷ്ഠാനത്തിനുവേണ്ട ഉപാധികളാണ്. (അതായതു് ഉപയോഗിക്കുന്ന ഉപകരണങ്ങൾ ഉച്ചരിക്കുന്ന മന്ത്രങ്ങൾ മുതലായവ) യജ്ഞം അനുഷ്ഠിക്കുന്നവർ മാതാപിതാക്കൾ. യജ്ഞാനുഷ്ഠാനം പ്രത്യേക രൂപത്തിലുള്ള അവരുടെ ഇണചേരലാണ്. ഈ മൂന്നിന്റെയും പൂർണ്ണതയിൽനിന്നു പുത്രലാഭം ഉണ്ടാകുന്നു. ഇവയുടെ അപൂർണ്ണതയിൽനിന്നു് വിപരീതഫലം ഉണ്ടാകുന്നു. (മാതാപിതാക്കളുടെ) ഉല്പാദന പ്രക്രിയയുടെ കാര്യത്തിൽ കർമ്മത്തിന്റെ അപൂർണ്ണത പിഴച്ച ഇണചേരലാണ്; സ്ത്രീയുടെ രോഗവും പുരുഷന്റെ ഷണ്ഡത്വവും കർമ്മികളുടെ അപൂർണ്ണതകളാണ്. സാധാരണപ്രയോഗത്തിലും ഇതുതന്നെയാണ് നിയമം: 'തീ ആവശ്യമുള്ളവൻ അരണി (മരക്കഷണങ്ങൾ) കടയണം.' ഈ കാര്യത്തിൽ തെറ്റായ രീതിയിലുള്ള കടയലാണ് കർമ്മത്തിന്റെ അപൂർണ്ണത. കർമ്മിയുടെ അറിവിലും പ്രയോഗത്തിലുമുള്ള തെററാണ് അവന്റെ അപൂർണ്ണതയുടെ കാരണം. കടയുന്ന മരം നനവുള്ളതാണെങ്കിൽ അതും അപൂർണ്ണതയാണ്. ഇതിൽ ഉദ്ദിഷ്ടഫലത്തിന്റെ അഭാവം 'അനർത്ഥ'ദോഷത്തിനു സൂചകമല്ല."

യജ്ഞംകൂടാതെ ഇണചേർന്നാലും സന്താനമുണ്ടാകും. എങ്കിൽ, യജ്ഞത്തെക്കുറിച്ചുള്ള വേദവിധി 'അനർത്ഥ'മല്ലെന്ന വാദം എത്രത്തോളം ശരിയാകും.

യഥാർത്ഥത്തിൽ വേദപ്രാമാണ്യം അംഗീകരിക്കുന്നു എന്ന

ഭാവത്തിൽ ന്യായദർശനം എല്ലാം പ്രകൃതിശാസ്ത്രത്തിനു കീഴ്പ്പെടുത്തുകയാണു് ചെയ്യുന്നതു്. ഇതരദർശനങ്ങളുടെ വേദപ്രാമാണ്യവാദവും ഇതേമട്ടിലാണു്.

അനീശ്വരവാദം ആരംഭംമുതൽ ഭാരതത്തിൽ ഉണ്ടായിരുന്നു; എന്നു മാത്രമല്ല, മുഖ്യ പ്രവണതതന്നെ ഈശ്വരവാദത്തെ നിരാകരിക്കുന്നതോ, അവഗണിക്കുന്നതോ ആയിരുന്നു. എന്നിട്ടും ഈ ദർശനങ്ങൾക്കൊന്നും പുരോഗമനപരമായ പങ്കു് വഹിക്കാൻ കഴിയാതിരുന്നതു് എന്തുകൊണ്ടു്? ഒററവാക്കിൽ പറഞ്ഞാൽ, വ്യത്യസ്തമായ വിധത്തിൽ പ്രപഞ്ചത്തെ വ്യാഖ്യാനിക്കുന്നതിലല്ലാതെ, പ്രപഞ്ചത്തെത്തന്നെ മാററുന്നതിൽ അവർക്കാർക്കും താല്പര്യമുണ്ടായിരുന്നില്ല എന്നതാണു് കാരണം.

ബുദ്ധിജീവികളുടെ മസ്തിഷ്കവ്യായാമം മാത്രമായിരുന്നു അന്നു് ദർശനം. സാമാന്യജനങ്ങളിലേയ്ക്കു് ഇറങ്ങിവന്നില്ല. അങ്ങനെ ഇറങ്ങിവന്നപ്പോഴെല്ലാം അധികാരിവർഗ്ഗം ശക്തമായി നേരിടുകയും ചെയ്തു, തികച്ചും അനീശ്വരവാദമായ സാംഖ്യത്തിനു് ഷഡ്ദർശനങ്ങളിൽ സ്ഥാനം നൽകിയവർ ലോകായതത്തെയും ബൗദ്ധജൈനദർശനങ്ങളെയും മാററിനിർത്തി. ബുദ്ധൻെറ ദാർശനികചിന്തകളോടല്ല, പ്രായോഗിക പരിപാടികളോടു്—സാമൂഹ്യവീക്ഷണത്തോടു്—ആയിരുന്നു എതിർപ്പു്. "ഹിന്ദുക്കൾ സാംഖ്യത്തെയും പൂർവ്വമീമാംസയെയും ഈശ്വരവാദത്തോടു് അവയ്ക്കുള്ള ഉപേക്ഷാഭാവത്തെ ശ്രദ്ധിക്കാതെ അംഗീകരിക്കുമ്പോൾതന്നെ, സദാചാരപരമായ ഔന്നത്യമുണ്ടായിരുന്നിട്ടും ബുദ്ധമതത്തെ നിഷേധിച്ചു. കാരണം, ആദ്യത്തേവ സാമൂഹ്യജീവിതത്തിലും സംഘടനയിലും ഇടപെടുന്നില്ല. ബുദ്ധമതമാകട്ടെ, അതിൻെറ സിദ്ധാന്തത്തെ ജനജീവിതത്തോടു് അടുപ്പിക്കുന്നു." (ഭാ ദ. i - p. 639) ലോകായതത്തോ

ട് എതിർപ്പ്" അത് 'ലോകായതം' (ലോകേഷു ആയതം— ലോകരിലേക്ക് തിരിഞ്ഞത്, ലോകത്തിൽ വ്യാപിച്ചത്.) ആയതുകൊണ്ടാണ്.

പ്രപഞ്ചത്തെ വ്യാഖ്യാനിക്കുക മാത്രം ചെയ്യുന്ന ദർശനം നിഷ്പ്രയോജനമാണ്.

സൂചന: ഭാ. ദ— ഭാരതീയദർശനം. ഡോ. രാധാകൃഷ്ണൻ
ശ്വേതാ— ശ്വേതാശ്വതരോപനിഷത്ത്
പ്രശ്നം— പ്രശ്നോപനിഷത്ത്
ബൃ. ഉ— ബൃഹദാരണ്യകോപനിഷത്ത്
ഛാ. ഉ— ഛാന്ദോഗ്യ ,,
തൈ. ഉ— തൈത്തിരിയ ,,

അവലംബം: ഭാരതീയ ദർശനം— ഡോ. രാധാകൃഷ്ണൻ
ഭാരതീയ ചിന്ത— കെ. ദാമോദരൻ
ഭാരതീയ തത്വചിന്ത— ദേവീപ്രസാദ് ഛതോപാധ്യായ
വിശ്വദർശനങ്ങൾ— രാഹുൽ സാംകൃത്യായൻ

കഴിഞ്ഞ പത്തുകൊല്ലമായി ഒരൊററ ലക്കംപോലും
മുടക്കാതെ കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്ന
യുക്തിവാദികളുടെ താത്വിക മാസിക

# യുക്തിവിചാരം

പത്രാധിപർ :
കുററിപ്പുഴ ചന്ദ്രൻ

| | | |
|---|---|---|
| ഒററപ്രതി | — | 1 ക. 50 പ. |
| ഒരുവർഷം | — | 18 രൂപ. |
| മൂന്നുവർഷം | — | 45 രൂപ. |

മാനേജർ,
യുക്തിവിചാരം, തൃശ്ശൂർ — 680 004.

---

വീട്ടിലിരുന്നു് ശാസ്ത്രീയമായി ഹിപ്പ്നോട്ടിസം
പഠിക്കാൻ !

## ഹിപ്പ്നോട്ടിസം ഒരു പാഠപുസ്തകം

തയ്യാറാക്കിയതു് : ഡോ: പി. കെ. നാരായണൻ

17 പാഠങ്ങൾ

അനുബന്ധം : ഹിപ്പ്നോട്ടിസം ചികിൽസാരംഗത്തു് 10 ക. M. O. അയച്ചുതരുന്നവർക്കു് പോസ്റ്റേജ് സൗജന്യമായി പുസ്തകം അയച്ചുകൊടുക്കുന്നു V. P. ഏർപ്പാടില്ല. റജിസ്റ്റർ ചെയ്യേണമെന്നുള്ളവർ 4_50 കൂടുതൽ അയക്കണം.

ആവശ്യപ്പെടുക:—

ഏ. വി. ജോസ്, കുററിപ്പുഴ നഗർ, തൃശ്ശൂർ — 680 004.

ഗ്രന്ഥത്തെക്കുറിച്ച്............
ഗ്രന്ഥകാരനെക്കുറിച്ച്............

ഭാരതീയ ദർശനങ്ങളുടെ പഠനത്തിലൂടെ ഭൗതീക വാദത്തിലും തദ്വാരാ യുക്തിവാദത്തിലും എത്തിപ്പെട്ടിട്ടുള്ള ഒരു സ്വതന്ത്രചിന്തകനാണ് ശ്രീ: നാരായണൻ പേരിയ. ഭാരതീയ ദർശനങ്ങളിൽ ഭൗതികവാദത്തിനുള്ള മുൻതൂക്കവും പ്രാധാന്യവും വസ്തുനിഷ്ഠമായി വെളിപ്പെടുത്തുവാൻ ഭാരതീയ ദർശനങ്ങളെക്കുറിച്ചുള്ള സൂക്ഷ്മവും സമഗ്രവുമായ ഈ പഠനത്തിലൂടെ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. പ്രഗത്ഭനായ ഒരു യുക്തിചിന്തകനും, എഴുത്തുകാരനും വാഗ്മിയുമായ ഈ അദ്ധ്യാപകൻെറ തൂലിക എത്ര നിശിതവും ശക്തവുമാണെന്നതിന് ഈ ലഘുലേഖതന്നെ തെളിവാണ്. ജാതിമതാന്ധവിശ്വാസങ്ങൾക്കെതിരായി സാമൂഹിക പ്രവർത്തനമണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഒരു കർമ്മയോഗികൂടിയാണ് ഈ പണ്ഡിതൻ. പാരാവാരംപോലെ വിസ്തൃതമായ വൈദികസാഹിത്യത്തെ വളരെ സംക്ഷിപ്തമായാണ് ഇവിടെ പുനരാവിഷ്കരിച്ചിട്ടുള്ളത്. മുൻവിധികളുടെ തടവറയിലെ ആത്മീയമനസ്സുകൾക്ക് ഈ രേഖ സ്വതന്ത്രചിന്തയുടെ വെളിച്ചം കാണിക്കുമെന്ന സന്തോഷത്തോടെ ഞങ്ങൾ ഈ ലഘുഗ്രന്ഥം പരിഷ്കരിച്ച രണ്ടാംപതിപ്പ് അവതരിപ്പിക്കുകയാണ്.

തൃശ്ശൂർ,
1-2-1987.

യുക്തിവാദ പ്രചരണവേദി,
തൃശ്ശൂർ-680 004.

# ഭാരതീയ ദർശനം



**നാരായണൻ പേരിയ**

ഭാരതീയ ദർശനങ്ങൾ മുഴുവൻ ആദ്ധ്യാത്മീക വാദങ്ങളാണവതരിപ്പിക്കുന്നതെന്ന തെററായ ധാരണ ഇന്നാട്ടിൽ കാലാകാലമായി പ്രചരിപ്പിച്ചിട്ടുണ്ട്". ആദ്ധ്യാത്മിക ദർശനങ്ങളോടൊപ്പം തന്നെ തലയെടുപ്പുള്ള ഭൗതീകവാദദർശനങ്ങളും ഭാരതീയ പാരമ്പര്യത്തിലുണ്ടോ എന്നറിയണമെങ്കിൽ; അതിനുള്ള ഒരു കണ്ണാടിയായി ഈ രേഖ ഉപയോഗിക്കുവാൻ കഴിയും. യുക്തിവാദത്തോടുള്ള സനാതനികളുടെ അലർജി (Alergy) എത്രമാത്രം നിരർത്ഥകമാണെന്നപ്പോഴേ മനസ്സിലാവൂ! —

**യുക്തിവാദ പ്രചരണവേദി,**
**തൃശൂർ-680004.**

**വില: 3ക**

Indic Digital Archive Foundation
gpura.org